KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. DECEMBER 2023. ₹ 5.00
VOL. 01 - ISSUE NO. 13 - DATE OF PUBLICATION 25TH DECEMBER, 2023 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24

# പുതുവർഷം 2024, പ്രതീക്ഷയോടെ കേരളത്തിലെ യുവ സംരംഭകർ

3 വ്യവസായ വികസനത്തിന് അഭിനന്ദനങ്ങൾ! ചില നിർദ്ദേശങ്ങളും.

5 വ്യവസായ എസ്റ്റേറ്റിലെ ലാൻ്റ് അലോട്ട്മെൻ്റ് പോളിസി അംഗീകരിച്ചു.

5 പൊല്യൂഷൻ കൺട്രോൾ ബോർഡിൻ്റെ നിബന്ധനകൾ വ്യവസായ വളർച്ചയ്ക്ക് തടസ്സമാകരുത്.

9 കേരള സർക്കാർ 2024 ബജറ്റിൽ ബിസിനസ്സുകാർക്ക് വേണ്ടി എന്താണ് ചെയ്യേണ്ടത് ?

12 വേൾഡ് ഫുഡ് ഇന്ത്യ 2023.

14 വ്യവസായ എസ്റ്റേറ്റ് ഭൂമി കൈമാറ്റം ലളിതമാകും.

"2024" HAPPY NEW YEAR

പുതുവത്സരാശംസകൾ...



FREEP!K @benzoix



# BUILD YOUR INDUSTRIAL EMPIRE, BRICK BY BRICK

**KSIDC Term Loan**
Your trusted partner for fueling growth

## Struggling to finance your Industrial dream?

**Let KSIDC Term Loans be the fertile ground where your vision takes root**

- Up to Rs. 6000 lakhs for everything you need - land, machinery, technology, working capital
- Grow with confidence with interest rates starting as low as 8.50%
- The moratorium period is 1 to 2 years

## Who can apply?

**Partnership firms, LLPs, Private and Public Limited companies**

## Ready to transform your industrial dream into reality?

**Call us today:**

**0471 2318922 | 0484 2323010**


KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED
Head Office: Keston Road, Kowdiar, Thiruvananthapuram-695003 | Regional Office: 2nd Floor, Choice Towers, Manorama Jn, Kochi-682016
Satellite Office: First Floor, BSNL Office Annex. Building, Balan K Nair Road, Ashokapuram,Kozhikode – 673 001
Phone No: 0471-2318922,0484-2323010 | enquiry@ksidcmail.org | www.ksidc.org

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal **(South Zone)**
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

B. Jayakrishnan **(Central Zone)**
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

George Mundakkal **(North Zone)**
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |


**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION DECEMBER 2023 ₹ 5.00

## എഡിറ്റോറിയൽ

## വ്യവസായ വികസനത്തിന് അഭിനന്ദനങ്ങൾ! ചില നിർദ്ദേശങ്ങളും.



വ്യവസായികളുടെ വലുതും ചെറുതുമായ എല്ലാ പ്രശ്നങ്ങളും കേൾക്കുവാനും പരിഹരിക്കുവാനും താല്പര്യമെടുക്കുന്ന സർക്കാരാണ് നമ്മുടേത്. അതിൻറെ ഏറ്റവും നല്ല ഉദാഹരണമാണ് വ്യവസായ എസ്റ്റേറ്റിലെ ലാൻഡ് അലോട്ട്മെൻറ് പോളിസി സർക്കാർ അംഗീകരിച്ചതും. കേരള ഭൂപതിവ് നിയമഭേദഗതി ബില്ല് നിയമസഭ ഐക്യകണ്ഠേന പാസാക്കിയതും തീർത്തും അഭിനന്ദനാർഹം തന്നെയാണ്.

1. കേരള ഭൂപതിവ് നിയമഭേദഗതി ബിൽ വർഷങ്ങളായി നിയമ വിധേയമല്ലാതെ കൈവശം വെച്ചുകൊണ്ടിരുന്ന ഭൂമിക്ക് നിയമസാധുത നൽകാനും ഇതിൽ മറ്റു പ്രവർത്തനങ്ങൾ നടത്താനും ഈ ബില്ല് അനുവാദം നൽകുന്നുണ്ട്. ഇതുപോലെയുള്ള ഭൂമിയിൽ കർഷകരെ പോലെ തന്നെ വർഷങ്ങളായി സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ നടത്തുന്നവരും സംരംഭകരും ഉണ്ട്. ഇവർക്ക് ലൈസൻസ് പുതുക്കി നൽകാനും, വ്യവസായം നവീകരിക്കാനും, പുതിയവ തുടങ്ങുവാനും അംഗീകാരം നൽകേണ്ടതാണ്.

2. വ്യവസായ വികസനത്തിനുവേണ്ടി അടിയന്തരമായി ശ്രദ്ധിക്കേണ്ട ചില മാറ്റങ്ങൾ കൂടി ഓർമ്മപ്പെടുത്തട്ടെ. പഴയകാല യൂണിറ്റുകൾക്ക് ബിൽഡിംഗ് റൂൾ NBC2005 fire norms നിലനിർത്തിക്കൊണ്ട്, അതായത് NBC 2016 Fire and Life saftey മാനദണ്ഡങ്ങൾ ഒഴിവാക്കി തരണം.

3. തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ ഉള്ളത് പോലെ കേരളത്തിലും സംസ്ഥാന ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നത് സഹായകരം ആയിരിക്കും. നിലവിൽ നാഷണൽ ബിൽഡിംഗ് കോഡ് Guidelines ആണ് കേരളത്തിൽ നടപ്പിലുള്ളത്.

4. 2003ന് മുൻപുള്ള യൂണിറ്റുകൾക്കും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ യൂണിറ്റുകൾക്കും LT IV ൽ 150 KW വരെ ഉപയോഗിക്കാം. എല്ലാ സൂക്ഷ്മ ചെറുകിട വ്യവസായികൾക്കും ഈ ആനുകൂല്യം നൽകി വ്യവസായത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

5. കേരളത്തിലെ പ്ലൈവുഡ് ഫാക്ടറികളിൽ ഉപയോഗിച്ച് വരുന്നത് പ്ലാന്റേഷൻ തടികളും ഇമ്പോർട്ട് തടികളും നാട്ടിൻപുറങ്ങളിൽ നിന്നും വളരെ കുറച്ചു മാത്രം ലഭ്യമാകുന്ന കാലാവധി കഴിഞ്ഞ പാഴ് മരങ്ങളും ആണ്. വനമേഖലയിൽ നിന്നും മരം മുറിക്കുകയോ തടി ലഭിക്കുകയോ ഇല്ല. എന്നാൽ 2002നു ശേഷം തുടങ്ങിയ യൂണിറ്റുകളിൽ പ്ലാന്റേഷൻ തടികൾ ഉപയോഗിക്കാം എന്ന് വരേണ്ടതിന് പകരം ഗസറ്റിൽ റബ്ബർ തടി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. Silver Oak, യൂക്കാലിപ്സ്, Milliya Dubia (നീം), അക്കേഷ്യ, കശുമാവ് മുതലായ പ്ലാന്റേഷൻ തടികളോ നാട്ടിൻപുറങ്ങളിലെ പാഴ്മരങ്ങളോ ഏതെങ്കിലും യൂണിറ്റുകളിൽ കണ്ടാൽ റബർ തടി അല്ല എന്ന കാരണത്താൽ നിയമ നടപടികൾ വ്യവസായികൾക്ക് നേരിടേണ്ടി വരുന്നു. അതിനാൽ വനമേഖലയിൽ നിന്നുമുള്ള തടി ഒഴിച്ച് ഏത് തടിയും ഉപയോഗിക്കാം എന്ന തീരുമാനം ഉണ്ടായാൽ നന്നായിരിക്കും.

മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടി സർക്കാർ പരിഗണിച്ച് അനുകൂല തീരുമാനമെടുത്താൽ വ്യവസായ വളർച്ചയ്ക്ക് ഏറെ സഹായകരമായിരിക്കും.

പ്രതീക്ഷയോടെ...

**എസ്. സലിം**
**ചീഫ് എഡിറ്റർ**



വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ
20 -ാമത്
കേരള
ബാംബൂ
ഫെസ്റ്റ്
2024 ജനുവരി 12 മുതൽ 17 വരെ
ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ
സ്റ്റേഡിയം ഗ്രൗണ്ട്, കലൂർ, കൊച്ചി
K-bip
കേരള ബ്യൂറോ ഓഫ്
ഇൻഡസ്ട്രിയൽ പ്രൊമോഷൻ
വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
നാഷണൽ ബാംബൂ മിഷൻ
www.keralabamboomission.org

## പ്രസിഡൻഷ്യൽ റിപ്പോർട്ട്



# വ്യവസായ എസ്റ്റേറ്റിലെ ലാന്റ് അലോട്ട്മെന്റ് പോളിസി അംഗീകരിച്ചു കൊണ്ടുള്ള മന്ത്രിസഭ തീരുമാനം കെ.എസ്.എസ്.ഐ.എ. സ്വാഗതം ചെയ്യുന്നു

വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേുകളിലെ ലാന്റ് അലോട്ട്മെന്റ് പോളിസി അംഗീകരിച്ച് കൊണ്ട് മന്ത്രിസഭ എടുത്ത തീരുമാനത്തെ കേരള സ്റ്റേറ്റ് സ്മാൾ ഇൻസ്ട്രീസ് അസോസിയേഷൻ സ്വാഗതം ചെയ്യുന്നു. 50 വർഷത്തിലധികം പഴക്കമുള്ള ഈ വിഷയം പരിഹരിച്ച കേരള സർക്കാരിനും ബഹു. മുഖ്യമന്ത്രി പിണറായി വിജയനും പ്രത്യേകിച്ച് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവിനും ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളിലെ വ്യവസായികളുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ വ്യവസായികൾക്ക് എതെങ്കിലും കാരണവശാൽ വ്യവസായം നടത്താൻ സാധിക്കാതെ വന്നാൽ തന്റെ സ്ഥാപനം മറ്റൊരു സംരംഭകന് കൈമാറാനും, ഉല്പന്നമാറ്റത്തിനും പുതിയ പാർട്ട്ണറെ ചേർക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ എടുക്കുന്നതിനുമുള്ള ബുദ്ധിമുട്ടുകൾ ഇതോടെ ഒഴിവാകും. സംരംഭകർക്ക് ഇതുവരെയുണ്ടായിരുന്ന ആശങ്കകൾ ഒഴിവാക്കാനും പുതിയ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കാനും ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് റാങ്ക് ഉയർത്താനും മന്ത്രിസഭയുടെ ഈ തീരുമാനം വളരെയധികം സഹായകരമാകും.

വ്യവസായ ഡയറക്റ്ററേറ്റിന്റെ കീഴിൽ മൊത്തം 40 എസ്റ്റേറ്റുകളാണ് ഉള്ളത്. കേരളത്തിലെ 13 ജില്ലയിലെ 40 വ്യവസായ പാർക്കുകളിലായി 2,383.831 ഏക്കർ ഭൂമിയാണുള്ളത്. ഇതിൽ 2,722 യൂണിറ്റുകളുണ്ട്. 1964 ലെ ഹയർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം 1969–ൽ ഇറക്കിയ ഉത്തരവിലും 1970–ൽ ഇറക്കിയ ഉത്തരവിലും വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭകർക്ക് പൂർണ്ണമായി തുക അടച്ചു കഴിഞ്ഞാൽ ഹയർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ കരാർ പ്രകാരം വ്യവസായ എസ്റ്റേറ്റിലെ വ്യവസായികൾക്ക് ബാങ്കിൽ പണയപ്പെടുത്തുന്നതിനോ ആക്റ്റിവിറ്റി ചെയ്ഞ്ച് ചെയ്യുന്നതിനോ സാധിക്കുമായിരുന്നില്ല. ദശാബ്ദങ്ങളായി കേരളത്തിലെ ബ്രാന്റ് അംബാസിഡർമാർ ഈ ദുരിതം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അതിനൊരു മോചനം കൂടിയായിരുന്നു 2023 ഡിസംബർ 6–ാം തീയതി മന്ത്രിസഭ യോഗത്തിൽ കൂടി പ്രഖ്യാപിച്ച ലാന്റ് അലോട്ട്മെന്റ് പോളിസി തീരുമാനം. കേരളത്തിലെ വ്യവസായികളാണ് കേരളത്തിലെ ബ്രാന്റ് അംബാസിഡർമാർ. നിലവിലെ സാഹചര്യം മെച്ചപ്പെട്ടാലെ കൂടുതൽ നിക്ഷേപകർ കടന്ന് വരാനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, അതിലൂടെ സർക്കാരിന് റവന്യു വരുമാനം കിട്ടാനും ഈ ഉത്തരവിലൂടെ സാധിക്കുകയുള്ളു. എം.എസ്.എം.ഇ. മേഖലയിൽ കൂടിയാണ് Gross Domestic Product (GDP) വളർത്താൻ സാധിക്കുകയുള്ളു. അതിനൊരു പരിഹാരം കൂടിയാണ് ഈ ഉത്തരവ്.

സിഡ്കോയുടെ കീഴിലുള്ള 17 എസ്റ്റേറ്റുകൾക്കും ഈ ഉത്തരവ് നിലവിൽ കൊണ്ടു വരണമെന്നും കൂടാതെ KINFRA, KSIDC, INKEL, വ്യവസായ വകുപ്പിന്റെ കീഴിലുള്ള മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾ എന്നീ വ്യവസായ പാർക്കുകൾക്കു കൂടി ഈ നിയമം ബാധകമാക്കേണ്ടതുമാണ്. ■


**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**





Spout
12 Ltr/m
HYBRID
27 Ltr/m
SQUARE
15 Ltr/m
മഴയെ പ്രണയിക്കാൻ ഒരു കാരണം കൂടി
aizar®
touching heights
കഴിവുറ്റ പ്ലംബറിന്റെ മികവുറ്റ പങ്കാളി
1800 833 3323 (Toll Free)
www.aizar.in
PVC PIPES | CPVC PIPES | ASTM PIPES | HDPE PIPES | FITTINGS | RAIN GUTTER | WATER TANKS | HOSES

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി



# പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിബന്ധനകൾ വ്യവസായ വളർച്ചയ്ക്ക് തടസ്സമാകരുത്

സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനും നിക്ഷേപകരെ ആകർഷിക്കുന്നതിനും വ്യവസായ മേഖലയ്ക്ക് ദോഷകരമായ നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്ത് നിരവധി നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു പോരുന്നു. സർക്കാരിന്റെ ഈ വ്യവസായ വികസന പദ്ധതികൾ നടപ്പാക്കേണ്ടത് വ്യവസായ വളർച്ചയ്ക്ക് നിലകൊള്ളുന്ന വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളെപ്പോലെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പങ്കും നിർണ്ണായകമാണ്.

വിവിധ മലിനീകരണ നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കാൻ രൂപികരിച്ചിട്ടുള്ളതാണ് കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്. നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുമ്പോൾ എം.എസ്.എം.ഇ. കളുടെ വളർച്ചയ്ക്കും ആവശ്യകതയും നിലനില്പും കണക്കിലെടുത്ത് കർക്കശ നിലപാടുകൾ ഈ മേഖലയോട് കാണിക്കരുതെന്നാണ് സംസ്ഥാനത്തിലെ വ്യവസായ മേഖലയുടെ അഭ്യർത്ഥന. സ്ഥലപരിമിതിയും ജന നിബിഡവുമായ നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് വേണം നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുവാൻ. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഫീസ് നിരക്കുകളും ബോർഡിന്റെ ചില തീരുമാനങ്ങളും എം.എസ്.എം.ഇ.മേഖലയ്ക്ക് വളരെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി വ്യവസായികളുടെ ഇടയിൽ നിന്ന് ധാരാളം പരാതികൾ ഉയരുന്നുണ്ട്.

ഒരു വ്യവസായി കെട്ടിടം നിർമ്മിക്കുന്നതിന് വ്യവസായ കെട്ടിടവും കെട്ടിടത്തിന്റെ ചുറ്റുപാടുമുള്ള സ്ഥലവും തമ്മിലുള്ള ദൂരപരിധിയെ സംബന്ധിച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡ് PCB/T4/115/97, തിയതി 20.07.2011 പ്രകാരം ബോർഡ് ഇറക്കിയ സർക്കുലർ തികച്ചും വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് സഹായകരമല്ല. കുറഞ്ഞ മൂലധനം മുടക്കി കൂടുതൽ പേർക്ക് തൊഴിൽ സൗകര്യങ്ങൾ നല്കുന്ന ഹോളോ ബ്ലോക്ക് യൂണിറ്റ്, ഫർണിച്ചർ, സോമിൽ തുടങ്ങുന്നതിന് 10 മീറ്റർ സെറ്റ് ബാക്ക് വേണമെന്ന നിബന്ധന തുടങ്ങിയവ ഈ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ ശ്രദ്ധയിൽപ്പെടാതെയോ അറിയാതെയോ നിലവിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഉൾപ്പടെയുള്ളവർക്ക് നിയമ സാധുത ലഭിക്കുന്നതിന് ഒരു ആംനസ്റ്റി സ്കീം നടപ്പാക്കുകയും പുതിയ ധാരാളം സംരംഭങ്ങൾ വരുന്നതിനും 20.07.2011 ലെ ബോർഡ് തീരുമാനം പുനഃപരിശോധിക്കണമെന്നാണ് ഈ മേഖലയിലെ സംരംഭകരുടെ ആവശ്യം. സംസ്ഥാന സർക്കാർ വ്യവസായ വികസനത്തിന് എടുക്കുന്ന എല്ലാ നടപടികളുമായി പൂർണ്ണമായും സഹകരിച്ച് പോരുന്ന വ്യവസായവുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളോടൊപ്പം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാന്നിദ്ധ്യവും ഉറപ്പ് വരുത്തേണ്ടതാണ്. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

# ചോദ്യോത്തര പംക്തി

## കേരള സർക്കാർ 2024 ബജറ്റിൽ ബിസിനസ്സുകാർക്ക്

**ചോദ്യം:** **2024 ലെ സംസ്ഥാന ബജറ്റിൽ കേരളം മുന്നേറാൻ, സംസ്ഥാന സർക്കാരിൽ നിന്നും ബിസിനസ്സ് മേഖല എന്തൊക്കെ പ്രതീക്ഷിക്കുന്നു?**

**അല്ലെങ്കിൽ**

**സംസ്ഥാന സർക്കാർ ബിസിനസ്സ് മുന്നേറാൻ ബിസിനസ്സുകാർക്ക് എന്തൊക്കെ സഹായ സഹകരണങ്ങൾ ബജറ്റിലൂടെ ചെയ്തു കൊടുക്കേണ്ടതുണ്ട് എന്ന പ്രസക്തമായ കാര്യങ്ങളെക്കുറിച്ച് നമുക്കൊന്ന് പരിശോധിക്കാം.**

**1979 – എന്തുകൊണ്ട് വ്യവസായികളുടെ പ്രത്യേകിച്ച് ബിസിനസ്സുക്കാരുടെ നല്ലകാലമാകുന്നു ?**



**ഉത്തരം:** **സെയിൽ ടാക്സിൽ നിന്നും വ്യവസായികളെ ഒഴിവാക്കിയ വർഷമായിരുന്നു 1979 എന്നതാണ്.**

കേരളത്തിലെ ബിസിനസ്സിന്റെ നല്ലകാലം ഏതാണെന്ന് ചോദിച്ചാൽ ചരിത്രവും സാമ്പത്തിക ശാസ്ത്രവും ഒരു നല്ല ഉത്തരം തരുന്നു. 1979 ലെ ബജറ്റുമായി ബന്ധപ്പെട്ട് അന്നത്തെ ധനകാര്യ വകുപ്പ് മന്ത്രി ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. 01.04.1979 മുതൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് 5 വർഷത്തേക്ക് അന്ന് നിലവിലുണ്ടായിരുന്ന വിൽപ്പന നികുതി ഒഴിവാക്കാമെന്ന് 01.04.1979 മുതൽ എസ്.എസ്.ഐ. രജിസ്ട്രേഷൻ എടുത്ത് ചെറുകിട വ്യവസായം ആരംഭിക്കാൻ വൻ തിരക്ക് അന്നത്തെ വ്യവസായ ഓഫീസുകളിൽ ഉണ്ടായിരുന്നു, പുതിയതായി തുടങ്ങുന്ന വ്യവസായങ്ങളിൽ മുതൽ മുടക്കുന്ന തുകക്ക് അതായത് ബിൽഡിങ്ങ്, മെഷിനറി മുതലായ ഇൻവെവെസ്റ്റ്മെന്റിൽ മുടക്കുന്ന തുകയുടെ 90% വരുന്ന നികുതി 5 വർഷത്തേക്ക് ഒഴിവുണ്ട് എന്നതു മാത്രമായിരുന്നു അന്നത്തെ ആനുകൂല്യം. ഈ ചെറിയ മാറ്റം പോലും കേരളം വലിയ രീതിയിൽ സ്വീകരിച്ചു. അതിനാൽ നികുതി ഒഴിവാക്കി കൊടുത്താൽ വ്യവസായം തുടങ്ങാനുള്ള സംരംഭകരുടെ താല്പര്യം കൂടും എന്നതാണ് പ്രായോഗീകത. നമ്മുടെ നാട്ടിൽ വ്യവസായങ്ങൾ വരണം, വലിയ ബിസിനസ്സ് വരണം. നികുതി മേഖലയിൽ നല്ല ആനൂകുല്യങ്ങൾ സംരംഭകർക്ക് കിട്ടുമെന്നുള്ള മാറ്റം വരുത്താൻ സർക്കാരുകൾക്ക് സാധിക്കണം.

*ജി.എസ്.റ്റി. നിയമങ്ങൾ ഒരു സംസ്ഥാനത്ത് മാത്രം നികുതി ഇളവ് കൊടുക്കാൻ സാധിക്കുകയില്ലാത്തിനാൽ ജി.എസ്.റ്റി. നിയമങ്ങൾ ഒരു സംസ്ഥാനത്തിനത്തിനുള്ളിൽ നിന്നു കൊണ്ട് ചെയ്യാവുന്ന ഒരുപാട് കാര്യങ്ങൾ സംസ്ഥാന ബജറ്റിലൂടെ പ്രഖ്യാപിക്കുവാനും, നടപ്പിലാക്കുവാനും, സംസ്ഥാന സർക്കാർ തയ്യാറാകണം.*

I. **ജി.എസ്.റ്റി. അപ്പീൽ നടപടികൾക്കായി കേരളത്തിലുള്ള സംസ്ഥാന ജി.എസ്.റ്റി. യുമായി ബന്ധപ്പെട്ട് കെ.എൽ.ബി.എഫ്. ഇനത്തിൽ കോർട്ട് ഫീ (മുദ്ര പത്രം) അപ്പീൽ അധികാരികൾക്കു മുമ്പിൽ സമർപ്പിക്കേണ്ടതുണ്ട്. ഈ ബാദ്ധ്യത സംസ്ഥാന ജി.എസ്.റ്റി. അധികാരികൾക്ക് കീഴിലുള്ള നികുതിദായകർക്ക് മാത്രമേ വേണ്ടി വരുന്നുള്ളു. എന്നാൽ നികുതിദായകർ കേരള സംസ്ഥാനത്തുള്ള സി.ജി.എസ്.റ്റി. ഉദ്യോഗസ്ഥരുടെ കീഴിലുള്ള നികുതി ദായകരാണെങ്കിൽ അപ്പീലുകൾക്ക് കെ.എൽ.ബി.എഫ്. മുദ്രപത്രം ഒന്നും ആവശ്യമില്ല. ഈ വിവേചനം മാറ്റാൻ സംസ്ഥാന സർക്കാരിന് ബജറ്റിൽ തീരുമാനമെടുക്കാവുന്നതേയുള്ളു.**

II. **ജി.എസ്.റ്റി. വന്നിട്ട് 7 വർഷം കഴിഞ്ഞ ഈ കാലഘട്ടത്തിൽ ജി.എസ്.റ്റി. നിലവിൽ വരുന്നതിനു മുമ്പുള്ള വാറ്റിന്റെയും കേന്ദ്ര വിൽപ്പന നികുതിയുടെയും, മുമ്പുണ്ടായിരുന്ന കേരള വിൽപ്പന നികുതി നിയമത്തിന്റെയും കേസുകൾ കേരളത്തിൽ ഇപ്പോഴും കെട്ടി കിടക്കുകയാണ്.**

2005 മുതൽ തീർപ്പാകാതെ കിടക്കുന്ന കേസുകൾ നോക്കിയാൽ 19 കൊല്ലം മുമ്പുള്ള കേസുകൾ വരെ തീർപ്പാകാതെ വിവിധ കോടതികളിൽ കെട്ടി

# വേണ്ടി എന്താണ് ചെയ്യേണ്ടത് ?

കിടക്കുകയാണ്. വ്യവസായികളായാലും വ്യാപാരികളായാലും അവരുടെ നല്ല ബിസിനസ്സ് സമയം ഈ പഴയ കാര്യങ്ങൾക്കു ചെലവാക്കേണ്ടി വരുമ്പോൾ അവർക്ക് അവരുടെ ദൈനംദിന ബിസിനസ്സ് ശ്രദ്ധയോടെ ചെയ്തു കൊണ്ടു പോകാനോ, ബിസിനസ്സിന്റെ നൂതന പ്രവണതകളിലേക്ക് ശ്രദ്ധ ചെലുത്താനോ, ആഗോള മാർക്കറ്റിലേക്ക് കടന്ന് ചെല്ലുവാനോ സാധിക്കുന്നില്ല. കൂടാതെ ഈ പഴയ വാറ്റ് നിയമത്തിന്റെ ബാദ്ധ്യതയുടെ പ്രേതബാധയുടെ പിന്നിൽ സമയം കളയുമ്പോൾ ബിസിനസ്സ് നടത്തികൊണ്ടു പോകുക വിരസമായിരിക്കും. അങ്ങനെ പഴയ നികുതി കാര്യങ്ങൾ തീർപ്പാകാതെ കിടക്കുന്നത് ബിസിനസ്സുകാർക്ക് തലവേദന ഉണ്ടാക്കാൻ മാത്രമേ കഴിയു. അതുകൊണ്ട് ഈ 2024 ലെ കേരള ബജറ്റിലൂടെ ഇതുവരെ തീർപ്പാകാതെ പല കോടതികളിലും അപ്പീൽ ട്രൈബ്യൂണുകളിലും മറ്റും കെട്ടിക്കിടക്കുന്ന കെ.ജി.എസ്.റ്റി.യുടെയും, സി.ജി.എസ്.റ്റി. യുടെയും, വാറ്റിന്റെയും കേസുകൾ ഒറ്റത്തവണ തീർപ്പാക്കാനുള്ള ആകർഷകമായ ഒരു പദ്ധതി സർക്കാർ ബജറ്റിലൂടെ കൊണ്ടു വന്നാൽ അത് കേരളത്തിന് ഗുണകരമാകും. മറ്റ് സംസ്ഥാനങ്ങൾ ചെയ്തതു പോലെയോ അല്ലെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ ചെയ്യുന്നതു പോലെ ഒരു നിശ്ചയദാർഢ്യത്തോടെ നാടിന്റെ പുരോഗതിക്കായി വ്യവസായികൾക്കും, ബിസിനസ്സുകാർക്കും സമാധാനം കൊടുക്കാനുള്ള ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചാൽ പഴയ നികുതി നിയമങ്ങളുടെ പ്രേതബാധയിൽ നിന്നും നാട്ടിലെ ബിസിനസ്സുകാർക്ക് മോക്ഷം കിട്ടും. എല്ലാ ബിസിനസ്സുക്കാരേയും പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സർക്കാരിന് നിസ്സാരമായി കൊണ്ടു വരാം. നികുതി കുടിശ്ശികയുടെ 20% അടച്ചാൽ പലിശയും, പിഴയും മറ്റു ബാദ്ധ്യതകളും തീരും എന്നൊക്കെയുള്ള പ്രഖ്യാപനം വന്നാൽ മറ്റൊന്നും നോക്കാതെ ബിസിനസ്സുകാർ എടുത്തു ചാടി ഈ പദ്ധതിയെ ആകർഷകമാക്കുകയും സർക്കാർ ഇന്നു നേരിടുന്ന പണത്തിന്റെ കുറവ് പരിഹരിക്കുവാൻ ബിസിനസ്സുക്കാർ തന്നെ രംഗത്ത് വരും. നാട്ടിൽ നല്ലൊരു ബിസിനസ്സ് അന്തരീക്ഷം ഉണ്ടാക്കാൻ പ്രാപ്തരായ ഒരു സർക്കാർ ആണെന്ന ബോധം സംരംഭകർക്കും വ്യവസായികൾക്കും സർവ്വോപരി ബിസിനസ്സ് മേഖലകാകെ കൊടുക്കാൻ പറ്റുമെന്ന രീതിയിൽ പ്രാപ്തമായ ആംനസ്റ്റി സ്കീം ഉടൻ തന്നെ ബജറ്റിലൂടെ പ്രഖ്യാപിക്കുക അനിവാര്യമാണ്.

ഒട്ടും സങ്കീർണ്ണമല്ലാത്ത രീതിയിൽ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ ഉദ്യോഗസ്ഥരുടെ വ്യാഖ്യാനത്തിന് ഇടം നൽകാത്ത രീതിയിലുള്ള ഒരു നടപടി സംസ്ഥാന സർക്കാർ ഈ ബജറ്റിലൂടെ കൊണ്ടു വന്നാൽ അത് വളരെ സ്വീകാര്യമാകും. കൂടാതെ ഇത്തരം സെറ്റിൽമെന്റിന് കെ.എഫ്. സി. കെ.എസ്. എഫ്.ഇ., കേരള ബാങ്ക് ഉൾപ്പടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് ഇത്തരം ആംനസ്റ്റി സ്കീമിൽ സർക്കാരിലേക്ക് പണം അടക്കാൻ ലോണായി കൊടുക്കാനുള്ള പദ്ധതിയും പ്രഖ്യാപിക്കാവുന്നതാണ്. നല്ല ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചാൽ ബിസിനസ്സുക്കാരെ ആകർഷിക്കാൻ കഴിയും.

**ജി.എസ്.റ്റി. യുമായി ബന്ധപ്പെട്ട് കേരള സർക്കാരിന് ചെയ്യാവുന്നത്**

01.04.2017 മുതൽ 31.03.2020 വരെ ജി.എസ്.റ്റി. നിയമങ്ങളിൽ പറഞ്ഞിട്ടുള്ള പല റിപ്പോർട്ടുകളും ചട്ടങ്ങളെ ആസ്പദമാക്കിയ പല ഫോമുകളും നികുതിദായകന് അനിവാര്യമായ പല വിവരങ്ങളും ജി.എസ്.റ്റി. നെറ്റ്‌വർക്കിൽ ലഭ്യമായിരുന്നില്ല എന്ന സത്യവും ജി.എസ്.റ്റി.ആർ-2, ജി.എസ്.റ്റി.ആർ-3, മുതലയാവ ജി.എസ്.റ്റി. പോർട്ടലിൽ ഉണ്ടാകുമെന്നും അതൊന്ന് പരിശോധിച്ച് കമ്പ്യൂട്ടറിന്റെ കീ എന്ന് ക്ലീക്ക് കൊടുത്താൽ മാത്രം ജി.എസ്.റ്റി റിട്ടേണുകളെല്ലാം ഫയൽ ചെയ്യാമെന്നുള്ള മോഹനസുന്ദര വാഗ്ദാനങ്ങൾ ജി.എസ്.റ്റി. യുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരായാലും, സംസ്ഥാന സർക്കാരായാലും, ബിസിനസ്സുക്കാരുടെ മുമ്പിൽ തന്നിരുന്നുവെങ്കിലും ജി.എസ്.റ്റി. പോർട്ടലിന്റെ പ്രവർത്തനം തുടക്കത്തിലെ ഇത്തരം സൗകര്യങ്ങളൊക്കെ നിഷേധിച്ചുകൊണ്ടായിരുന്നു. സോഫ്റ്റ് വെയർ ഉണ്ടാക്കിയ ഒരുപാട് പ്രശ്നങ്ങൾ ഇന്നും ബിസിനസ്സുകാർ അഭിമുഖീകരിച്ച അവസ്ഥയിൽ കേരളം ബിസിനസ്സുകാർക്കു വേണ്ടി ചിലതെങ്കിലും ചെയ്തു കൊടുക്കുക.

1. 2020 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിൽ ജി.എസ്.റ്റി.യിൽ വന്ന ബോധപൂർവ്വമല്ലാത്ത തെറ്റുകൾ പരിഹരിക്കൽ എന്ന നടപടിക്കു വേണ്ടി നന്നായി പ്രവർത്തിക്കുക. അതിനുള്ള ഒരു പദ്ധതി ജി.എസ്.റ്റി. ഉദ്യോഗസ്ഥരെയും, ബിസിനസ്സുകാരെയും, ഉൾപ്പെടുത്തി ഒരു ഔദ്യോഗികഫോറം ഉണ്ടാക്കുകയും ജി.എസ്.റ്റി. കൗൺസിനു മുമ്പിൽ ഇത്തരം കാര്യങ്ങൾ നന്നായി അവതരിപ്പിച്ച് പരിഹാരം ഉണ്ടാക്കുമെന്നും അത്രയും കാലം ജി.എസ്.റ്റി. യുമായി ബന്ധപ്പെട്ട ആദ്യ വർഷങ്ങളിലെ സാങ്കേതികമായ പ്രശ്നങ്ങൾക്ക് നികുതി റിക്കവറി നടപടികൾ എടുക്കാതിരിക്കുകയും അത്തരത്തിലുള്ള റിക്കവറി

നടപടികൾ കേരളത്തിലെങ്കിലും താൽക്കാലികമായി നിർത്തി വക്കാനും പറ്റുന്ന രീതിയിലുള്ള നടപടികൾക്കായി ഈ മേഖലയിൽ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ഔദ്യോഗിക ബോഡി ഉണ്ടാക്കുമെന്ന് പ്രപഖ്യാപിക്കുക. അതിന്റെ ചെലവിലേക്കായി ബജറ്റിൽ തുക ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കണം.

2. ഇലക്ട്രോണിക്ക് ഇൻവോയ്സ് ഉണ്ടെങ്കിൽ ഇ-വേ ബില്ലിലെ ഏതെങ്കിലും തെറ്റുകൾ കാര്യമായി എടുക്കാൻ പാടില്ല എന്ന ഒരു നിർദ്ദേശം ഉദ്യോഗസ്ഥർക്ക് കൊടുക്കുമെന്നും അതിനു വേണ്ടി വ്യാപാരികളുടെയും, വ്യവസായികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തമായ തീരുമാനങ്ങളെടുക്കാൻ പറ്റുന്ന പ്രൊഫഷണൽസ് ഉൾപ്പെട്ട അഞ്ചോ, ആറോ പേരുമാത്രമുള്ള ഒരു വിദഗ്ധ സമിതി രൂപികരിക്കാൻ ബജറ്റിലൂടെ സർക്കാർ ശ്രമിക്കേണ്ടതാണ്.

3. ജി.എസ്.റ്റി. യുമായി ബന്ധപ്പെട്ട അഡ്വാൻസ് റൂൾ അപേക്ഷകളിൽ ലഭ്യമാക്കാൻ 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിപ്പിക്കണം എന്നുണ്ടെങ്കിലും അത് വർഷങ്ങൾ എടുക്കുന്നു. ആയതുകൊണ്ട് അഡ്വാൻസ് റൂളിങ്ങ് അപേക്ഷ ഒരു മാസം സമയപരിധിയായി മാറ്റിയെടുക്കാനുള്ള നടപടികൾ ജി.എസ്.റ്റി കൗൺസിലിലൂടെ സംസ്ഥാന സർക്കാർ പ്രാവർത്തികമാക്കാൻ ശ്രമിക്കുക.

4. ഇന്റലിജെൻസ് വിങ്ങിന്റെ പ്രവർത്തനത്തിൽ ബിസിനസ്സുകാർക്ക് എതിരാകുന്ന സാങ്കേതിക പ്രശ്നങ്ങളിൽ വ്യവസായികളേയും, ബിസിനസ്സുകാരേയും ബുദ്ധിമുട്ടിക്കാതിരിക്കുന്ന രീതിയിൽ മനപൂർവ്വമല്ലാത്ത തെറ്റുകൾക്ക് വലിയ പിഴയോ ശിക്ഷയോ ഈടാക്കുന്ന ഒരവസ്ഥ ഒഴിവാക്കാൻ വേണ്ടി ജി.എസ്.റ്റി. കൗൺസിലിൽ നടപടിക്കായി പ്രവർത്തിക്കണം.

5. സെൽഫ്അസസ്സ്മെന്റിൽ ഏതെങ്കിലും വിധത്തിൽ ബാദ്ധ്യതയുണ്ടെങ്കിൽ സെക്ഷൻ 73 (9)-ന്റെ പിഴ അതായത് ബാലൻസ് അടക്കേണ്ട നികുതിയുടെ 10 ശതമാനമോ, 20,000 രൂപയോ, ഏതാണോ കൂടുതൽ അതു കൂടി പിഴയായി അടക്കണമെന്ന വ്യവസ്ഥ മാറ്റി ഏതാണോ കുറവ് അത് മാത്രമേ പിഴ വരികയുള്ളു എന്ന നിലയിൽ ജി.എസ്.റ്റി. നിയമത്തിൽ മാറ്റം വരുത്താനുള്ള പരിശ്രമം കേരള സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. അത്തരത്തിൽ ജി.എസ്.റ്റി. യിൽ വരുന്ന മാറ്റങ്ങൾ പഠിക്കാനായി വിദഗ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും, അതിനു വേണ്ടി ജി.എസ്.റ്റി. കൗൺസിലിൽ ശ്രമിക്കുകയും വേണം.

6. അതുവരെയും ജി.എസ്.റ്റി. റിട്ടേൺ ഫയൽ ചെയ്യാൻ സാങ്കേതികമായോ മറ്റേതെങ്കിലും കാരണത്താലോ, ബുദ്ധിമുട്ടുന്ന നികുതിദായകർക്ക് ഉപകാരപ്രദമായ രീതിയിൽ ജി.എസ്.റ്റി. റിട്ടേൺ തിരുത്താനും ഫൈനോടു കൂടി എങ്കിലും റിട്ടേൺ ഫയൽ ചെയ്യാനും അങ്ങനെ ഫയൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ചെയ്താൽ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് നികുതി ദായകന് നഷ്ടപ്പെടാതിരിക്കാൻ പര്യാപ്തമായ രീതിയിൽ ജി.എസ്.റ്റി. കൗൺസിലിൽ ശുപാർശ ചെയ്യാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താനും ജി.എസ്.റ്റി. റിട്ടേൺ റിവൈവ് ചെയ്യാൻ ഒരു അവസരം കൂടി കൊടുക്കാൻ ജി.എസ്.റ്റി ജോയിന്റ് കമ്മീഷണർക്ക് അധികാരം നൽകുവാനുള്ള ഭേദഗതിക്കായി ജി.എസ്.റ്റി. കൗൺസിലിൽ ശ്രമിക്കണം.

7. ജി.എസ്.റ്റി. യുടെ അടിസ്ഥാന തത്വമായ സീംലെസ്സ് ക്രഡിറ്റ്, നികുതിക്കുമേൽ നികുതിയെന്ന അവസ്ഥ ഉണ്ടാകാതിരിവാൻ പര്യാപ്തമായ വളരെ സുതാര്യമായ രീതിയിൽ നിയമങ്ങൾ നടപ്പിലാക്കണം. അതിനായി ബിസിനസ്സുകാർ ഉൾപ്പടെയുള്ള പത്തു പേരിൽ താഴെയുള്ള ഒരു വിദഗ്ദ സമിതിയെ ചുമതലപ്പെടുത്തുകയും ആ സമിതിക്ക് സെറ്റിൽമെന്റ് ബോഡി പോലെ നിയമ സംരക്ഷണത്തോടെ നികുതിദായകർക്ക് സമീപിക്കാൻ പറ്റുന്ന രീതിയിൽ സ്ഥിരം സംവിധാനമാക്കുക.

8. ഉടൻ തന്നെ ജി.എസ്.റ്റി. യുടെ എല്ലാ തർക്കങ്ങൾക്കും ചെറിയ ഫൈനോടു കൂടിയെങ്കിലും അവസാനിപ്പിക്കാൻ സൗകര്യമൊരുക്കുന്ന ജി.എസ്.റ്റി. ആംനസ്റ്റി സ്കീം പ്രഖ്യാപിക്കാൻ കേരളം മുൻകൈയ്യെടുക്കുക.

സംസ്ഥാന സർക്കാരുകൾക്ക് ബിസിനസ്സുകാരെ പ്രോത്സാഹിപ്പിക്കാൻ നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന ചില പൊതു നിർദ്ദേശങ്ങൾ മാത്രമാണിവ. സംഘടനയുടെ അംഗങ്ങൾ, വിദഗ്ദർ അവരുടെ മേഖലയിലുള്ള പ്രശ്നങ്ങൾ സംഘടനാ ഭാരവാഹികളെ അറിയിച്ചാൽ അവ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പ്രീ-ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അസോസിയേഷനു കഴിയും. ■

**അഡ്വ. കെ.എസ്.ഹരിഹരൻ**

**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ✆ 9846227555, 7902443188, 7907000401**

KSSIA NEWS
DECEMBER 2023




# നിങ്ങളുടേത് ശരിയായ ഇൻഷുറൻസ് പോളിസിയാണോ?



വിശ്വനാഥൻ ഒടാട്ട്

നമുക്കെല്ലാംതന്നെ പലതരം ഇൻഷുറൻസ് പോളിസികൾ ആവശ്യമാണ്. മാത്രമല്ല നമ്മളിൽ പലരും പലതരം പോളിസികളുംഎടുത്തിട്ടുണ്ട്. ഇത്തരം പോളിസികൾ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്ന ഒന്നല്ലെങ്കിൽ അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ ശരിയായ നഷ്ട പരിഹാരം ലഭിക്കുകയില്ല. അതിനാൽ ശരിയായ പോളിസികൾ എങ്ങിനെ കണ്ടെത്താം, നിലവിലുള്ള പോളിസികളിലെ അപാകതകൾ എന്തെല്ലാംഎന്ന് പഠിച്ച ശേഷമെ മാത്രമെ ഇത് സാദ്ധ്യമാകൂ. ഈ പ്രക്രിയയെ പറയുന്ന പേരാണ് 'പോളിസി ഗ്യാപ് അനാലിസിസ്". നിങ്ങൾ ഒരു വ്യവസായിയാണല്ലൊ. സ്വാഭാവികമായും ഭൂരിഭാഗം പേരും ധനകാര്യസ്ഥാപനത്തിൽ നിന്നും വായ്പ എടുത്തവരായിരിക്കും. പലപ്പോഴും ബാങ്കുകൾ തന്നെ നിങ്ങൾക്കായി പോളിസികൾ എടുത്തിട്ടുണ്ടാവും. ഇത്തരം പോളിസികളിൽ ഇൻഷുർ ചെയ്ത തുക, കവർ ചെയ്തിട്ടുള്ള റിസ്കുകൾ, കവർ ചെയ്യാതെ ഒഴിവാക്കിയ റിസ്കുകൾ, അടക്കുന്ന പ്രീമിയം,മറ്റു നിബന്ധനകൾ മുതലായവ നിങ്ങൾ ആരെങ്കിലുംഎന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ? പക്ഷെ ഒരുക്ലെയിം വരുന്ന സമയത്ത് പലരും പോളിസി പരിശോധിക്കുമ്പോഴാണ് 'ശരിയായ രീതിയിൽ' ഇൻഷുർ ചെയ്യാതെ പോയ വിവരം അറിയുന്നത്. തന്മൂലം നാമ മാത്രമായ തുക മാത്രമെ ക്ലെയിം ചെയ്യാൻ സാധിക്കുകയുള്ളൂ. നിങ്ങളുടെ സ്ഥാപനത്തിന്റെ നിലനിൽപ് എന്നെന്നും ആഗ്രഹിക്കുന്ന പക്ഷം നിങ്ങൾ ഇൻഷുർ ചെയ്യുന്ന വസ്തു വകകളെല്ലാം തന്നെ ശരിയായ രീതിയിലാണെന്ന് ഉറപ്പ് വരുത്തുന്നത് നന്നായിരിക്കും.

ഒരു വ്യവസായ സ്ഥാപനത്തിന് പലവിധ റിസ്കുകളും, പലവിധ പോളിസികളും ആവശ്യമാണ്. അത് ഏതെന്നും, എത്രത്തോളം തുകക്ക് ഇൻഷുർ ചെയ്യണമെന്നും അറിഞ്ഞിരിക്കണം. ഉദാഹരണത്തിന് ബിൽഡിങ്ങ്, മെഷീനറി തുടങ്ങിയ സാധനങ്ങൾക്ക് നഷ്ടം സംഭവിച്ചാൽ പുനർ നിർമ്മാണത്തിനും, പുതുതായി മെഷീനറി വാങ്ങാനുള്ള ചിലവിനും ഇൻഷുർ ചെയ്തിരിക്കണം. അതല്ലാതെ തേയ്മാനം കഴിവുള്ള തുകക്കോ, ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന തുകക്കോ ഇൻഷുർ ചെയ്യുമ്പോഴാണ് ഒരു ക്ലെയിം ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം കുറഞ്ഞു പോകുന്നത്. ഇത് പരിഹരിക്കാനായി കേരളത്തിലെ കെ.എസ്.എസ്.ഐ.എ. മെമ്പർമാർക്ക് എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനി സൗജന്യമായും നിങ്ങളുടെ നിലവിലുള്ള പോളിസികൾ പരിശോധിച്ച് പോളിസി ഗ്യാപ് അനാലിസിസ് ചെയ്ത് തരുന്നതാണ്. വിശദവിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. ■

**ഒരു വ്യവസായ സ്ഥാപനത്തിന് വേണ്ട പോളിസികൾ, കവർചെയ്യു റിസ്കുകൾ**

| | |
|---|---|
| ഫയർ ഇൻഷുറൻസ് | തീപിടുത്തം, ഇടിമിൽ, ഷോർട്ട് സർക്യൂട്ട്, പ്രകൃതിദുരന്തങ്ങൾ, അടിച്ചു തകർക്കൽ മുതലായ പതിനഞ്ചോളം റിസ്കുകൾ കവർ ചെയ്യുന്ന പോളിസി. |
| ബർഗ്ലറി പോളിസി | സാധന സാമഗ്രികൾ, വസ്തു വകകൾ കളവ് പോവാനിടയായാലുള്ള നഷ്ടപരിഹാരം. |
| ക്യാഷ് ഇൻഷുറൻസ് | ക്യാഷ് ബാങ്കിലേക്ക് കൊണ്ടു വരിക, കൊണ്ടു പോകുക എന്നിവക്ക് പുറമെ ക്യാഷ് ലോക്കറിൽ നിന്ന് നഷ്ടമാവുക. |
| ഫിഡലിറ്റി ഗ്യാരണ്ടി | ജീവനക്കാരുടെ ചെക്ക്, ക്യാഷ് എന്നിവ തിരിമറി നടത്തിയാലുള്ള നഷ്ടപരിഹാരം. |
| മെഷീനറി ബ്രേക്ക്ഡൗൺ ഇൻഷുറൻസ് | മെക്കാനിക്കൽ അല്ലെങ്കിൽ ഇലക്ട്രിക്കൽ ബ്രേക്ക് ഡൗൺ മൂലം ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങൾ. |
| ഇലക്ട്രോണിക് എക്വിപ്മെന്റ് | തീപിടുത്തം, കളവ് മറ്റു കേടുപാടുകൾ എന്നീ റിസ്കുകൾ കവർ ചെയ്യുന്നു. |
| പബ്ലിക് ലയബിലിറ്റി | നിങ്ങളുടെ സ്ഥാപനത്തിന്റെ പ്രവർത്തനം മൂലം പൊതുജനങ്ങൾക്കുണ്ടായേക്കാവുന്ന നാശനഷ്ടങ്ങൾ കവർ ചെയ്യുന്ന പോളിസി. |
| വർക്ക്മെൻ കോമ്പൻസേഷൻ | തൊഴിലാളികൾക്കും തൊഴിലിലൂടെ ഉണ്ടായെക്കാവുന്ന അപകടങ്ങളും തൊഴിൽ ജന്യ രോഗങ്ങളും. |
| പ്രോഡക്റ്റ് ലയബിലിറ്റി | ഒരു ഉൽപത്തിന്റെ ഗുണമേന്മയിലുള്ള തകരാറുമൂലം ഉപഭോക്താവിനുണ്ടാവുന്ന കഷ്ടനഷ്ടങ്ങൾ ഇതിൽ കവർ ചെയ്യുന്നു. |
| മെഡിക്ലെയിം ഇൻഷുറൻസ് | അസുഖം മൂലം അപകടം മൂലം ഉണ്ടാകാവുന്ന ആശുപത്രി ചിലവുകൾക്കുള്ള പരിഹാരമാർഗ്ഗം. |
| പേഴ്സണൽ ആക്സിഡന്റ് | അപകടമരണം, അംഗവൈകല്യം, അപകടം മൂലമുള്ള ആശുപത്രി ചിലവ് തുടങ്ങി ഒട്ടനവധി റിസ്കുകൾ കവർ ചെയ്യുന്നു. |
| ഗ്രൂപ്പ്ടേംകവർ | അസുഖം മൂലമോ, അപകടം മൂലമോ ജീവഹാനി സംഭവിച്ചാലുള്ള നഷ്ടപരിഹാരം ഈ പോളിസിയുടെ കവർ ചെയ്യുന്നു. |
| വാഹന ഇൻഷുറൻസ് | വാഹനാപകടങ്ങൾ, കളവ്, പ്രകൃതി ദുരന്തങ്ങൾ മുതലായ ഒരു ഡസനോളം റിസ്കുകൾ കവർ ചെയ്യുന്ന പോളിസി (ഇതിൽ തേയ്മാനം കണക്കാക്കാതെ ഇൻഷുർ ചെയ്യുന്ന പോളിസിയും ഉൾപ്പെടുന്നു). |
| മറൈൻ ഇൻഷുറൻസ് | സാധനങ്ങൾ ഫാക്ടറിയിൽ നിന്നോ ഗോഡൗണിൽ നിറോറോഡ്, റെയിൽ എന്നിവ വഴി കയറ്റി കൊണ്ടു പോകുമ്പോൾ ഉണ്ടാവുന്ന നാശനഷ്ടങ്ങൾ കവർ ചെയ്യുന്നു. |
| ഗ്രൂപ്പ് ഗ്രാറ്റുവിറ്റി | തൊഴിലുടമ തൊഴിലാളിക്ക് പിരിഞ്ഞു പോകുന്ന അവസരത്തിൽ നൽകേണ്ട നിയമപരമായ ബാധ്യതയാണിത്. |

**എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333**





# വേൾഡ് ഫുഡ് ഇന്ത്യ 2023

## വൈവിധ്യമാർന്ന ഭക്ഷ്യ സംസ്കാരത്തെ വിളിച്ചോതി കേരളം



സൂരജ് എസ്.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെബിപ്പ്

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ 2023 നവംബർ 3 മുതൽ 5 വരെ സംഘടിപ്പിച്ച വേൾഡ് ഫുഡ് ഇന്ത്യ 2023 ന്റെ ഭാഗമായി ഒരുക്കിയ കേരള പവലിയന്റെ ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജിവ് നിർവ്വഹിച്ചു.

കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം(MoFPI) സംഘടിപ്പിച്ച 'വേൾഡ് ഫുഡ് ഇന്ത്യ' യുടെ രണ്ടാം പതിപ്പിൽ പാർട്ണർ സ്റ്റേറ്റായാണ് കേരളം സാന്നിധ്യം അറിയിച്ചത്. മെയ്ഡ് ഇൻ കേരള എന്ന ആശയത്തെ മുൻനിർത്തി 320 സക്വയർ മീറ്ററിൽ 40ാളം സ്റ്റാളുകളാണ് പവിലിയനിൽ ക്രമീകരിച്ചിരുന്നത്.സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന വിഭവങ്ങളാൽ അലങ്കരിച്ചൊരുക്കിയിരിക്കുന്ന പവലിയനു മുന്നിലെ തോണി ജനശ്രദ്ധ ആകർഷിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിരുന്നത്. അതേ വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഭക്ഷ്യ സംസ്കരണ മേഖലയിൽ നിന്നുള്ള വിവിധ ഉല്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിച്ചത്.

23 സംസ്ഥാനങ്ങളിൽ നിന്നും നിരവധി രാജ്യങ്ങളിൽ നിന്നുമായി 1,200 ഓളം പ്രദർശകരാണ് പരിപാടിയുടെ ഭാഗമായത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രോൽസാഹനവും വിപണി സാധ്യതകളും നൽകുന്നതാണ് വേൾഡ് ഫുഡ് ഇന്ത്യയിലെ ഭക്ഷ്യോൽപന്ന വിപണനമേള.



# 'കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ അവസരങ്ങൾ'
## പാർട്ണർ സ്റ്റേറ്റ് സെമിനാർ




വേൾഡ് ഫുഡ് ഇന്ത്യയോടനുബന്ധമായി "കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ അവസരങ്ങൾ' എന്ന വിഷയത്തിൽ 2023 നവംബർ 3 ന് സംഘടിപ്പിച്ച സെമിനാർ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം നിർവഹിച്ചു. ഭക്ഷ്യ സംസ്കരണ രംഗത്ത് മികച്ച അവസരമുള്ള സംസ്ഥാനമാണ് കേരളം, വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ എല്ലാ സാഹചര്യങ്ങളും ഇന്ന് കേരളത്തിലുണ്ടെന്ന് ബഹു. മന്ത്രി പറഞ്ഞു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ് കേരളത്തിലെ വ്യവസായ സൗഹാർദ്ദ സാഹചര്യങ്ങളെക്കുറിച്ചുള്ള അവതരണം നടത്തി.

ഗവൺമെന്റ് ഓഫ് ഇന്ത്യ മുൻ സെക്രട്ടറിയും സംസ്ഥാന സർക്കാരിന്റെ ഉപദേശകനുമായ ഡോ. അജയ് കുമാർ ഐ.എ. എസ്.(Rtd.), കിൻഫ്ര മാനേജിംഗ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, പ്രമുഖ വ്യവസായി ശ്രീ. എം. എ. യൂസഫലി, സിന്തൈറ്റ് ഇൻഡസ്ട്രീസ് സ്പൈസ് ഡിവിഷൻ സി.ഇ. ഒ ശ്രീ. പ്രവീൺ വെങ്കിട്ടരാമൻ, നികാസു ഗ്രൂപ്പ് എം.ഡി ശ്രീ. കെ.കെ പിള്ള എന്നിവർ സെമിനാറിൽ ആശയങ്ങൾ അവതരിപ്പിച്ചു.

# ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2023
## പുരസ്കാര നിറവിൽ കേരള സംസ്ഥാന ബാംബൂ മിഷൻ
### കേരള പവലിയനിലെ വ്യാപാര സ്റ്റാളുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി

ന്യൂഡൽഹിയിൽ സംഘടിപ്പിച്ച രാജ്യാന്തര വ്യാപാര മേള (IITF 2023) യിൽ പുരസ്കാര നിറവിൽ കേരള സംസ്ഥാന ബാംബൂ മിഷൻ. IITF 2023ൽ ശ്രദ്ധേയ സാന്നിധ്യം അറിയിച്ച കേരള പവിലിയനിൽ പങ്കെടുത്ത വിവിധ വകുപ്പുകളിൽ നിന്നുമാണ് കേരള സംസ്ഥാന ബാംബൂ മിഷൻ വ്യാപാര സ്റ്റാളുകളിൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. കേരളത്തിലെ മുള കരകൗശല കലാകാരന്മാർ അണിനിരന്ന സ്റ്റാളുകൾ ഉത്പന്ന വൈവിധ്യം കൊണ്ടും സന്ദർശക ബാഹുല്യം കൊണ്ടും ഏറെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. പാലക്കാട്, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നുമായി 6 മുള കരകൗശല കലാകാരന്മാരാണ് കേരളത്തെ പ്രതിനിധീകരിച്ച് രാജ്യാന്തര വ്യാപാരമേളയിൽ പങ്കെടുത്തത്.

ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിന്റെ (ഐഐടിഎഫ്) 42ാമത് എഡിഷനാണ് ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് 2023 നവംബർ 14 മുതൽ 27 വരെ സംഘടിപ്പിച്ചത്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി പാർട്ണർ സ്റ്റേറ്റായാണ് കേരളം ഇത്തവണ മേളയിൽ പങ്കെടുത്തത്. സംസ്ഥാന ചീഫ് സെക്രട്ടറി ഡോ.വി. വേണു ഐ.എ.എസ് ആയിരുന്നു നവംബർ 14 ന് കേരള പവിലിയൻ ഉദ്ഘാടനം നിർവഹിച്ചത്. കേരള സംസ്ഥാന ബാംബൂ മിഷന്റേതുൾപ്പെടെ കേരളത്തിൽ നിന്നുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സ്റ്റാളുകൾ ക്രമീകരിച്ചിരുന്നു.






'വസുധൈവ കുടുംബകം യുണൈറ്റഡ് ബൈ ട്രേഡ്' എന്ന തീമിലാണ് കേരളം പവിലിയൻ ഒരുക്കിയിരുന്നത്. പ്രാചീന കാലം മുതൽ കേരളവുമായുള്ള ലോക രാജ്യങ്ങളുടെ വ്യാപാരബന്ധവും സ്പൈസ് റൂട്ടുമാണ് പവിലിയനിലെ ദൃശ്യങ്ങൾ. 624 ചതുരശ്രയടിയിൽ 44 സ്റ്റാളുകളാണ് പവിലിയനിൽ സജ്ജീകരിച്ചത്. ഇതിൽ 10 തീം സ്റ്റാളുകളും 34 വാണിജ്യ സ്റ്റാളുകളുമുണ്ട്. ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന മേളയ്ക്ക് പാരീസിലെ യൂണിയൻ ഫെയർ ദെ ഇന്റർനാഷണലിന്റെ അംഗീകാരമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ വ്യാപാരമേളകളിൽ ഒന്നായാണ് IITF പരിഗണിക്കപ്പെടുന്നത്.



# വ്യവസായ എസ്റ്റേറ്റ് ഭൂമി കൈമാറ്റം ലളിതമാകും: ചട്ടപരിഷ്കരണത്തിന് മന്ത്രിസഭാ അംഗീകാരം

**എസ്. ഹരി കിഷോർ ഐ.എ.എസ്**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനും കൈമാറ്റം ലളിതമാക്കുന്നതിനും പുതിയ ചട്ടങ്ങൾക്ക് മന്ത്രിസഭായോഗം അംഗീകാരം നല്കി. ദശാബ്ദങ്ങളായി സംരംഭകര് ഉന്നയിക്കുന്ന ആവശ്യങ്ങളാണ് ഇതിലൂടെ നടപ്പിലാവുക. വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിനും നിശ്ചയിച്ച വ്യവസായ സംരംഭങ്ങൾക്ക് പകരം മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉണ്ടായിരുന്ന തടസം പരിഹരിച്ച് നടപടി ലളിതമാക്കുന്നതാണ് പുതിയ ചട്ടം.

1964 ലെ സർക്കാർ വിജ്ഞാപന പ്രകാരമാണ് വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിക്ക് പട്ടയം നല്കിയിരുന്നത്. 1969, 1970 വർഷങ്ങളിലും വകുപ്പിന് കീഴിലുള്ള ഡവലപ്മെന്റ് ഏരിയ, ഡവലപ്മെന്റ് പ്ലോട്ട് എന്നിവയിൽ ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്നതിന് വ്യവസായ വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചെങ്കിലും ലാന്റ് അസൈമെന്റ് ആക്ടിന്റെ പിൻബലം ഉണ്ടായിരുന്നില്ല. പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷ അതത് ജനറൽ മാനേജർമാർ, വ്യവസായ വകുപ്പ് ഡയറക്ടർ മുഖേന സർക്കാരിലെ റവന്യൂ വകുപ്പിന് സമർപ്പിക്കുന്നതായിരുന്നു നടപടി. ഈ അപേക്ഷകളിൽ റവന്യൂ വകുപ്പ് പട്ടയം അനുവദിക്കും. എന്നാൽ, ഇത്തരത്തിൽ പട്ടയം അനുവദിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. ഇത് പരിഹരിക്കുന്നതിന് 2020 ൽ മറ്റൊരു ഉത്തരവും പുറപ്പെടുവിച്ചു. ജനറൽ മാനേജർമാർ നേരിട്ട്, അതത് ജില്ലാ കലക്ടർമാർക്ക് സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിച്ച് തഹസിൽദാർ മുഖേന പട്ടയം അനുവദിക്കുന്ന വ്യവസ്ഥ നിലവിൽ വന്നു. വ്യവസായ വകുപ്പിന്റെ ഉത്തരവ് ഉണ്ടായിരുന്നെങ്കിലും കലക്ടർമാർക്ക് പട്ടയം അനുവദിക്കുന്നതിൽ പരിമിതിയുണ്ടായി. ഈ പാശ്ചാത്തലത്തിലാണ് 1960 ലെ കേരള ലാന്റ് അസൈമെന്റ് ആക്റ്റിന്റെ പിൻബലമുള്ള പുതിയ ലാന്റ് റൂൾസ് പുറപ്പെടുവിക്കുന്നത്.

## പ്രധാന മാറ്റങ്ങൾ

### ഭൂമി കൈമാറ്റം

നിലവിൽ ഭൂമി കൈമാറുന്നതിന് ഭൂമി വാങ്ങുന്ന വ്യക്തി, ഭൂമി വിലയുടെ വ്യത്യാസവും പ്രോസസിങ് ഫീസും അടയ്ക്കേണ്ടതുണ്ട്. പുതിയ ചട്ട പ്രകാരം ഭൂമി കൈമാറ്റം ചെയ്യുമ്പോൾ ഭൂമി വിലയിലെ വ്യത്യാസം അടക്കേണ്ടതില്ല. ഉല്പാദനം ആരംഭിച്ച് 3 വർഷം കഴിഞ്ഞാൽ മാത്രമേ ഭൂമി കൈമാറ്റം നടത്തുന്നതിന് നിലവിൽ സംരംഭകന് കഴിയുമായിരുന്നുള്ളൂ. പുതിയ ചട്ട പ്രകാരം അലോട്ട്മെന്റ് ലഭിച്ച് 3 വർഷം കഴിഞ്ഞാൽ ഭൂമി കൈമാറ്റം നടത്താം. ഇതോടെ ഭൂമി കൈമാറ്റത്തിനുള്ള ദീർഘമായ കാലതാമസം ഒഴിവാകും.

### വ്യവസായ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി അനുവദിക്കൽ

1960 ലെ കേരള ലാന്റ് അസൈമെന്റ് ആക്ട് പ്രകാരം അനുവദിക്കപ്പെട്ടതോ അസൈൻ ചെയ്തതോ ആയ ഭൂമി, വ്യാവസായിക ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ. ഈ ചട്ടങ്ങൾക്ക് കീഴിൽ വ്യാവസായിക ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി അനുവദിക്കുകയോ അസൈൻ ചെയ്യുകയോ ചെയ്യും. വിവിധ വ്യവസ്ഥകൾക്ക് വിധേയമായി ഔട്ട്റൈറ്റ് പർച്ചേസ് അടിസ്ഥാനത്തിലോ വാടകയ്ക്ക് വാങ്ങൽ അടിസ്ഥാനത്തിലോ സംരംഭകർക്ക് ഭൂമി അനുവദിക്കും. അനുവദിക്കപ്പെട്ടയാൾ പ്ലോട്ട് അതേപടി കൈവശപ്പെടുത്തും. അനുവദിച്ച പ്ലോട്ടിനുള്ളിലെ കൂടുതല് മെച്ചപ്പെടുത്തലുകളോ വികസനങ്ങളോ അനുവദിക്കപ്പെട്ടവരുടെ ഉത്തരവാദിത്ത മായിരിക്കും. പ്ലോട്ടിന്റെ ഏതെങ്കിലും ഭാഗത്ത് ഖനനം നടത്തുകയോ കല്ല്, മണൽ, മണ്ണ്, മരങ്ങൾ അല്ലെങ്കിൽ മറ്റേതെങ്കിലും വസ്തുക്കൾ നീക്കം ചെയ്യുകയോ വ്യവസായ മേഖലയുടെ താല്പര്യത്തിന് ഹാനികരമായ എന്തെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യരുത്. അനുവദിക്കുന്ന സമയത്ത് പ്ലോട്ടിൽ നില്ക്കുന്ന മരങ്ങൾ ഉണ്ടെങ്കിൽ സർക്കാരിന്റെ വസ്തുവാണെങ്കിൾ 1986ലെ മരങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമത്തിന്റെ പ്രസക്തമായ വ്യവസ്ഥകൾക്കനുസൃതമല്ലാതെ, അനുവദിക്കപ്പെട്ടയാളോ അസൈനിയോ മരങ്ങൾ മുറിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യാൻ പാടില്ല.

പൈപ്പ് ലൈനുകൾ, കേബിളുകൾ, ഭൂഗർഭ ഡ്രെയിനേജ് അല്ലെങ്കിൽ ഓവർഹെഡ് ലൈനുകൾ വരയ്ക്കൽ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ഓവർഹെഡ് വാട്ടർ ടാങ്കുകൾ നിർമ്മിക്കൽ, കുഴൽക്കിണറുകൾ, തുറസായ കിണറുകൾ എന്നിവയ്ക്കായി എപ്പോൾ വേണമെങ്കിലും അനുവദിച്ചതോ ഏല്പിച്ചതോ ആയ പ്ലോട്ടിന്റെ ഒഴിഞ്ഞ ഭാഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള അവകാശം ജനറൽ മാനേജരിൽ നിക്ഷിപ്തമായിരിക്കും.

### അലോട്ട്മെന്റിനുള്ള അപേക്ഷ

വ്യാവസായിക ആവശ്യത്തിനായി ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ, പ്രൊജക്ട് റിപ്പോർട്ടിന്റെ കോപ്പി, ലേ ഔട്ട്, ബിൽഡിങ് പ്ലാൻ, പാർട്ണർഷിപ്പ് ഡീഡിന്റെ പകർപ്പ് എന്നിവ സഹിതമുള്ള അപേക്ഷ ജനറൽ മാനേജർക്ക് സമർപ്പിക്കണം. അല്ലെങ്കിൽ കോഓപ്പറേറ്റീവ് സൊസൈറ്റിയുടെയോ കമ്പനിയുടെയോ രജിസ്ട്രേഷന് സർട്ടിഫിക്കറ്റ്, ഏതാണ് ബാധകമായത് അല്ലെങ്കില് ജനറൽ മാനേജർ ആവശ്യപ്പെടുന്ന മറ്റേതെങ്കിലും പ്രസക്തമായ രേഖ റൂൾ 7–ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് ജനറൽ മാനേജർ അത് ജില്ലാ ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി/ സ്റ്റേറ്റ് ഇന്ഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി മുമ്പാകെ നിർദ്ദിഷ്ട ശുപാർശയോടെ സമർപ്പിക്കും. അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ ഈ നിയമങ്ങൾക്ക് കീഴിലുള്ള ഭൂമി അനുവദിക്കുന്നതിനുള്ള ഓരോ അപേക്ഷയും 10000 രൂപയും നിക്ഷേപിക്കണം. ഭൂമി ഏറ്റെടുക്കുന്ന സമയത്ത് അനുവദിക്കപ്പെട്ട വ്യക്തി നല്കേണ്ട പ്രാരംഭ പേയ്മെന്റിലേക്ക് തുക ക്രമീകരിക്കും. വ്യാവസായിക ആവശ്യങ്ങൾക്കായി ഭൂമി അനുവദിക്കുന്നത് ജനറൽ മാനേജർ/ വ്യവസായ വാണിജ്യ ഡയറക്ടർ ആണ്. 4.04 ഹെക്ടർ (10 ഏക്കർ) വരെയുള്ള പ്ലോട്ടുകൾക്കായി ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജരും 4.04 ഹെക്ടറിന് (10 ഏക്കർ) മുകളിലുള്ള പ്ലോട്ടുകൾക്ക് വ്യവസായ, വാണിജ്യ ഡയറക്ടറും അതത് ശുപാർശകളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന അതോറിറ്റിയായിരിക്കും.

ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ പ്രൊജക്ടിന്റെ സാധ്യതയും അഭിലഷണീയതയും കണക്കിലെടുത്ത് ആറ് മാസത്തിനുള്ളിൽ അലോട്ട്മെന്റ് കമ്മിറ്റി തീർപ്പാക്കും. മേഖലയിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസായത്തിന്റെ അനുയോജ്യത, നിർദിഷ്ട യൂണിറ്റിന്റെ നിക്ഷേപവും തൊഴിൽ സാധ്യതയും, വ്യവസായം നടത്താനുള്ള അപേക്ഷകന്റെ ശേഷി എന്നിവ പരിശോധിക്കും. അപേക്ഷിച്ച ഭൂമിയുടെ വ്യാപ്തിയുടെ ആവശ്യകത വ്യക്തമായി രേഖപ്പെടുത്തണം. അപേക്ഷകരെ അഭിമുഖം നടത്തിയതിന് ശേഷം അലോട്ട്മെന്റ് കമ്മിറ്റി അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കുകയും വ്യാവസായിക ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി കണക്കാക്കിയ ഭൂമിയുടെ യഥാർത്ഥ വിസ്താരമനുസരിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്യും. അപേക്ഷ നിരസിക്കപ്പെട്ടാൽ കാരണങ്ങൾ വ്യക്തമാക്കും. ഭൂമിയുടെ കൈവശാവകാശം അനുവദിക്കുന്നത് അലോട്ട്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം മാത്രമാണ്. പ്ലോട്ടിനും മെച്ചപ്പെടുത്തലുകൾക്കുമായി എസ്റ്റേറ്റ് ഓഫീസർ അല്ലെങ്കിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഫോം നമ്പർ IV ൽ എന്തെങ്കിലും ഏറ്റെടുത്താൽ അലോട്ട് ചെയ്തയാള് ഒരു രസീത് നല്കും. പ്രൊജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എസ്റ്റേറ്റ് ഓഫീസർ പ്രൊജക്ട് നിർവഹണത്തിന്റെ പുരോഗതി ഓരോ ആറ് മാസത്തിലും ജനറൽ മാനേജർക്ക് റിപ്പോർട്ട് ചെയ്യും. വാടകയ്ക്ക് വാങ്ങൽ അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റിന്റെ കാര്യത്തിൽ, ബാക്കി 50 ശതമാനം അലോട്ടി അഞ്ച് തുല്യ വാർഷിക ഗഡുക്കളായി കരാർ നടപ്പിലാക്കിയതിന്റെ ഒന്നാം വാർഷികത്തിലോ അതിനു മുമ്പോ 10 ശതമാനം വാർഷിക നിരക്കിൽ പലിശ സഹിതം നല്കണം. കാലതാമസമുള്ള പേയ്മെന്റിന്റെ സാധാരണ പലിശയേക്കാൾ രണ്ട് ശതമാനം പ്രതിവർഷം അധിക പിഴപ്പലിശയ്ക്ക് പകരമായി, വാടകയ്ക്ക് വാങ്ങൽ കരാറിന്റെ തുടർച്ചയ്ക്കുള്ളിൽ എപ്പോൾ വേണമെങ്കിലും പ്ലോട്ടിന്റെ ബാലൻസ് തുകയുടെ പൂർണ്ണമായ പേയ്മെന്റ് അലോട്ട് ചെയ്തേക്കാം. അലോട്ട് ചെയ്തയാൾ കരാർ നടപ്പിലാക്കിയ തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ അനുവദിച്ച പ്ലോട്ട് കൈവശപ്പെടുത്തും. ഭൂമി കൈവശപ്പെടുത്തിയ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ അനുവദിക്കപ്പെട്ടതോ അസൈൻ ചെയ്തതോ ആയ പ്ലോട്ടിന്റെ ഫലപ്രദമായ മെച്ചപ്പെടുത്തലുകൾ അനുവദിക്കുന്നയാൾ ആരംഭിക്കണം.

## അനുവദിച്ചയാളുടെ ഉത്തരവാദിത്തം

കരാർ നടപ്പിലാക്കിയ തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ ഉത്പാദനം ആരംഭിക്കണം. രണ്ട് വർഷത്തിനകം വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിക്കുന്നതിൽ വിഹിതം ലഭിച്ചയാൾ പരാജയപ്പെട്ടാൽ അനുവദിച്ച വ്യക്തിക്ക് 30 ദിവസത്തിനകം വ്യവസായ വാണിജ്യ ഡയറക്ടർക്കും (10 ഏക്കർ വരെയുള്ള ഭൂമി അനുവദിക്കുന്നതിന്) സർക്കാർ സെക്രട്ടറി, വ്യവസായ വകുപ്പ് (10 ഏക്കറിന് മുകളിൽ ഭൂമി അനുവദിക്കുന്നതിന്) മുമ്പാകെ അപ്പീൽ നല്കാം. അപ്പീൽ അധികാരി അപ്പൽ സ്വീകരിച്ച് മുപ്പത് ദിവസത്തിനുള്ളിൽ അപ്പിൽ തീർപ്പാക്കും. അപ്പീൽ അതോറിറ്റിക്ക് ദീർഘിപ്പിക്കാൻ കഴിയുന്ന പരമാവധി കാലയളവ് ആറ് മാസം മാത്രമാണ്. വാണിജ്യ ഉല്പാദനം ആരംഭിക്കുന്നതിനുള്ള മുഴുവൻ പ്രക്രിയയും അപ്പീൽ അതോറിറ്റി അനുവദിച്ച വിപുലീകരണം ഉൾപ്പടെ മുപ്പത് മാസത്തിൽ കൂടരുത്.

## ഭൂമിയുടെ മൂല്യം

ഭൂമിയുടെ വില കണക്കാക്കുന്നത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ്, സർവേ, അതിർത്തി നിർണയം എന്നിവ ഉൾപ്പെടെയുള്ള ചെലവ്, വികസന ചെലവ്, ഭൂമി ഏറ്റെടുക്കൽ തീയതി വരെയുള്ള വികസനത്തിനായുള്ള സർക്കാർ നിക്ഷേപത്തിന് പ്രതിവർഷം പത്തു ശതമാനം പലിശ സഹിതം എന്നിവയിലൂടെയാണ്. ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയല്ല, അത്തരം അസൈന്മെന്റിനായി നീക്കിവച്ചിരിക്കുന്ന സർക്കാർ ഭൂമിയാണെങ്കിൽ, അധികാരപരിധിയുള്ള ജില്ലാ കലക്ടർ നിർണയിക്കുന്ന ഭൂമിയുടെ നിലവിലുള്ള മാർക്കറ്റ് മൂല്യത്തെ അടിസ്ഥാനമാക്കിയാണ് ഭൂമിയുടെ വില കണക്കാക്കുക. ഭൂമിയുടെ മൂല്യത്തൽ സർവേ അതിർത്തി നിർണയ ചാർജുകൾ, വികസനച്ചെലവ്, വിഹിതം അനുവദിച്ച തീയതി വരെയുള്ള വികസനത്തിനായുള്ള സർക്കാർ നിക്ഷേപത്തൽ പ്രതിവർഷം പത്തു ശതമാനം പലിശ സഹിതം, ലാന്റ് അക്വിസിഷന് റഫറൻസ് ചാർജുകൾ എന്നിവ ഉൾപ്പെടുന്നു. ഭൂമിയുടെ വില കാലാകാലങ്ങളിൽ വർദ്ധിപ്പിക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. അലോട്ട്ടെക്കുകളും അസൈൻ ചെയ്യുന്നവരും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെയും നിലവിലുള്ള അറ്റകുറ്റപ്പണികളുടെ ചെലവുകളുടെയും അടിസ്ഥാനത്തിൽ അലോട്ടിങ്ങ് അതോറിറ്റി ആവശ്യപ്പെടുന്ന മറ്റ് തുകകൾ നല്കാൻ ബാധ്യസ്ഥരായിരിക്കും.

## പട്ടയം

പുതിയ ചട്ടം റവന്യൂ വകുപ്പിന്റെ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നതിനാൽ ജില്ലാ കലക്ടർമാർക്ക് പട്ടയ അപേക്ഷ പരിഗണിക്കുന്നതിന് തടസമില്ല. വ്യാവസായിക ഭൂമി സ്ഥിതി ചെയ്യുന്ന താലൂക്കിലെ തഹസിൽദാർ, ജില്ലാ കലക്ടറിൽ നിന്നുള്ള അസൈന്മെന്റ് ഓർഡർ ലഭിച്ചാൽ അസൈനിക്ക് പട്ടയം നല്കും. പട്ടയം നല്കുന്നത് റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്താൻ സഹായിക്കും. ഭൂമി ഒന്നൽ കൂടുതൽ താലൂക്കുകളിലാണെങ്കിൽ ആ പ്രദേശത്തിന്റെ അധികാരപരിധിയുള്ള റവന്യൂ ഡിവിഷനൽ ഓഫീസറായിരിക്കും ചുമതലപ്പെടുത്തൽ അധികാരി. ഭൂമി കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്ന ഓരോ അസൈനിയും ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർക്ക് അപേക്ഷ സമർപ്പിക്കണം.പുതുക്കിയ പട്ടയം തഹസിൽദാർ നല്കും. അതിനുശേഷം റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തും.

## ധനകാര്യ സ്ഥാപനങ്ങൾക്ക് ഭൂമി

ഈ ചട്ടങ്ങൾ പ്രകാരം അനുവദിച്ചതോ അസൈൻ ചെയ്തതോ ആയ ഭൂമിയിൽ ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോയുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായി ഏതെങ്കിലും സർക്കാർ ധനകാര്യ സ്ഥാപനത്തിനോ ബാങ്കിനോ നിയോഗിക്കാം. ഈ ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ മുഴുവൻ തുകയും അടച്ചതിനുശേഷം മാത്രമേ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരുടെ മുൻകൂർ അനുമതിയോടെ മാത്രമേ പ്ലോട്ടൽ പ്രവർത്തനം പാടുള്ളൂ.

## വ്യവസായ യൂണിറ്റുകളുടെ പുനരാരംഭം

അനുവദിച്ചിരിക്കുന്ന ഭൂമിയിൽ വാണിജ്യ ഉല്പാദനം ആരംഭിക്കേണ്ട കാലയളവ് പരമാവധി രണ്ട് വർഷത്തെ കാലയളവായാണ് നിശ്ചയിച്ചിരിക്കുന്നത്. അതിനാൽ നടപ്പാക്കാനുള്ള സമയപരിധി രണ്ട് വർഷം മാത്രമാണ്. അനുവദിച്ച ഭൂമിയൽ നിശ്ചിത കാലയളവിനുള്ളിൽ വിഹിതം ലഭിച്ചയാൾ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിക്കുന്നില്ലെങ്കിൽ, കാലഹരണപ്പെട്ടതിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ദിവസവും 250 രൂപ വീതം (പ്രതിദിനം 100/ ശതമാനം) പിഴ ഈടാക്കും. ഒരു കാരണവശാലും ഭൂമി പുനരാരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ, കരാർ തീയതി മുതൽ പുനരാരംഭിക്കുന്ന തീയതി വരെ അലോട്ട്മെന്റ് ലഭിച്ചയാൾ പിഴ അടച്ചില്ലെങ്കിൽ, കുടിശ്ശിക തിരിച്ചു പിടിക്കാൻ 1968ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ ഉപയോഗിക്കും.

പിഴ കണക്കാക്കാനും ഈടാക്കാനും ജനറൽ മാനേജർ ഉചിതമായ നടപടി സ്വീകരിക്കും. ഒരു യൂണിറ്റ്, വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിച്ചതിന് ശേഷം, പ്രവർത്തനം നിർത്തുന്ന സാഹചര്യത്തിൽ, യൂണിറ്റ് സാധാരണ നിലയിലാക്കുന്നതിനും ഉല്പാദന പ്രക്രിയ പുനരാരംഭിക്കുന്നതിനും അനുവദിക്കപ്പെട്ട വ്യക്തിക്ക് ഒരു വർഷത്തെ കാലയളവ് നല്കും. ഇതിനോടകം, അനുവദിച്ച വ്യക്തിക്ക് നോട്ടീസ് നല്കുകയും കേൾക്കാനുള്ള അവസരം നല്കുകയും ചെയ്യും. ഒരു വർഷത്തിനകം യൂണിറ്റ് പുനരാരംഭിക്കുന്നതിൽ പരാജയപ്പെട്ടാൽ അതിനുശേഷം സമയം നീട്ടൽ അനുവദിക്കില്ല.

പുനഃസ്ഥാപിക്കുന്ന കാലയളവിൽ ഒരു കൈമാറ്റം അല്ലെങ്കൽ ഏറ്റെടുക്കൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ, കൈമാറ്റം ചെയ്ത ആ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കൈമാറ്റം ചെയ്യുന്നയാൾ ബിസിനസ് ആരംഭിക്കണം എന്ന വ്യവസ്ഥയിൽ കൈമാറ്റം അനുവദിക്കും. ഏതെങ്കിലും കാരണത്താൽ ബിസിനസ് ആരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ, ഒരു വർഷത്തിനുശേഷം പുനരാരംഭിക്കുന്ന തീയതി വരെ കാലതാമസം വരുത്തുന്ന ഓരോ ദിവസത്തിനും കൈമാറ്റക്കാരനിൽ നിന്ന് പ്രതിദിന ത്തിന് 250 രൂപ പിഴ ഈടാക്കും. ട്രാൻസ്ഫർ ചെയ്തയാൾ പിഴയടച്ചില്ലെങ്കിൽ, 1968ലെ കേരള റവന്യൂ റിക്കവറി ആക്ട് പ്രകാരമുള്ള റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കും. ഇതിനുള്ള പരമാവധി കാലയളവ് യൂണിറ്റിന്റെ പുനരാരംഭം 24 മാസമായിരിക്കും (12 മാസം + 12 മാസം (കൈമാറ്റം / ഏറ്റെടുക്കൽ). ഭൂമി അനുവദിക്കുന്ന സമയത്ത് നടപ്പിലാക്കിയ ലാന്റ് അലോട്ട്മെന്റ് ചട്ടങ്ങളുടെയോ കരാറിന്റെയോ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും അനുവദിക്കുന്നയാൾ ലംഘിക്കുകയാണെങ്കിൽ അനുവദിച്ച വ്യാവസായിക ഭൂമി പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെന്ന് കണ്ടെത്തിയാലൽ, ഹിയറിങ്ങ് അവസരം നല്കി, കേസുകൾ ഒരു മാസത്തിനുള്ളിൽ തീർപ്പാക്കും.

## പട്ടയത്തിന്റെ മാതൃകയിലുള്ള മാറ്റം (Form D VII)

നിലവിലെ പട്ടയത്തിന്റെ മാതൃകയിൽ (Form D VII) വ്യവസായ സംരംഭത്തിന്റെ സ്വഭാവം വ്യക്തമായി പറയുന്നുണ്ട്. (ഉദാ: മത്സ്യ സംസ്ക്കരണം, തീപ്പെട്ടി നിർമ്മാണം) പുതിയ ചട്ടപ്രകാരം പട്ടയത്തിൽ വ്യവസായ പ്രവർത്തനം എന്ന് മാത്രമെ രേഖപ്പെടുത്തുകയുള്ളു. വ്യവസായ സ്വഭാവം മാറിയാലും അതിന്റെ മാറ്റം പട്ടയത്തിൽ വരുത്തേണ്ടതില്ല. അത് വഴി പട്ടയ മാറ്റത്തിന് വീണ്ടും അപേക്ഷിച്ച് കാത്തിരിക്കേണ്ടതില്ല.

## ഘടനാ മാറ്റം

ഉല്പാദനം ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞാൽ മാത്രമേ ഘടനാ മാറ്റം നടത്തുന്നതിന് സംരംഭകന് കഴിയുമായിരുന്നുള്ളൂ.പുതിയ റൂൾ പ്രകാരം അലോട്ട്മെന്റ് ലഭിച്ച് 3 വർഷം കഴിഞ്ഞാൽ ഘടനാ മാറ്റം നടത്താം. ഏതെങ്കിലും കാരണത്താൽ സംരംഭം തുടങ്ങാൻ കഴിയാത്തവർക്ക് ഘടനാ മാറ്റത്തിലൂടെ നവീനമായ സംരംഭം ആരംഭിക്കാനുള്ള അവസരം ലഭിക്കും.ഒരു വ്യക്തി / സ്ഥാപനം / കമ്പനി അല്ലെങ്കിൽ മറ്റേതെങ്കിലും അലോട്ട് റ്റി അനുവദിക്കപ്പെട്ട വസ്തുവിന്റെ കൈമാറ്റവും ഇതില് ഉൾപ്പെടും. അലോട്ട്മെന്റ് തീയതി മുതൽ മൂന്ന് വർഷത്തേക്ക് ഒരു കൈമാറ്റം/ഭരണഘടനയിൽ മാറ്റം അനുവദിക്കാത്ത തരത്തിൽ ലോക്ക്-ഇൻ പിരീഡ് ഏർപ്പെടുത്തും. ഭൂമി കൈമാറ്റം ചെയ്യുകയാണെങ്കിൽ, കൈമാറ്റം ചെയ്യുന്നയാൾ പ്രോസസിങ്ങ് ഫീസായി 25,000 നല്കണം. ഭൂമി കൈമാറ്റം ചെയ്യുന്നയാൾ കൈമാറ്റം ചെയ്ത തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ അനുവദിച്ച ഭൂമിയിൽ ഉല്പാദന പ്രക്രിയ ആരംഭിക്കണം എന്ന വ്യവസ്ഥയോടെ അനുവദിക്കും. കൈമാറ്റം ചെയ്തയാൾ ഒരു വർഷത്തിനുള്ളിൽ ഉല്പാദന പ്രക്രിയ ആരംഭിക്കുന്നതിൽ പരാജയപ്പെട്ടാൽ, ഈ നിയമങ്ങൾക്കനുസൃതമായി നോട്ടീസ് നല്കും. ഒരു വർഷത്തിന് ശേഷം പുനരാരംഭിക്കുന്ന തീയതി വരെ കാലതാമസം വരുത്തുന്ന ഓരോ ദിവസത്തിനും ട്രാൻസ്ഫറിൽ നിന്ന് പ്രതിദിനം 250 രൂപ പിഴ ഈടാക്കും.

ഭൂമി ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിൽ പരാജയപ്പെടുകയും അനധികൃത കൈമാറ്റത്തിൽ ഏർപ്പെടുകയോ കരാർ ലംഘിക്കുകയോ ചെയ്താൽ, ഹിയറിങ്ങിന് അവസരം നല്കി തുടർ നടപടിയെടുക്കും, ഏതെങ്കിലും വികസന മേഖലയിൽ/ വികസന മേഖലകളിൽ വ്യാവസായിക ഭൂമി നേടാൻ അനുവദിക്കപ്പെട്ടയാൾ അയോഗ്യനാകും. കോംപീറ്റന്റ് അതോറിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെ ഭൂമി കൈമാറ്റം ചെയ്താൽ, അനധികൃത കൈമാറ്റ തീയതി മുതൽ ഒരു ദിവസത്തിന് 250 രൂപ പിഴ ഈടാക്കും. കൈമാറ്റം ചെയ്യപ്പെട്ടയാൾ അങ്ങനെ ചുമത്തിയ പിഴ അടച്ചില്ലെങ്കിൽ, കേരള റവന്യൂ റിക്കവറി ആക്റ്റ്, 1968 പ്രകാരമുള്ള റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കും.

സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ പാർക്കുകളിൽ വ്യവസായം നടത്തുന്ന സംരംഭകരുടെ ദീർഘ നാളത്തെ ആവശ്യങ്ങളാണ് ചട്ട പരിഷ്കരണത്തിലൂടെ നടപ്പിലാക്കുന്നത്. വ്യവസായ മേഖലയിലെ കാലാനുസൃത മാറ്റങ്ങൾക്കൊപ്പം കേരളവും മാറാൻ ചട്ട പരിഷ്കരണം സഹായിക്കും.

**വ്യവസായ വാണിജ്യ വകുപ്പ്**
**ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി.**
**എം.ഡി. ആണ് ലേഖകൻ**

# 6% പലിശയ്ക്ക് പത്തു കോടി രൂപ വരെ വായ്പ നൽകാൻ പദ്ധതിയുമായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ



ടി.എസ്. ചന്ദ്രൻ

ഒരു പുതിയ വായ്പ പദ്ധതി കൂടി പ്രഖ്യാപിച്ചിരിക്കു കയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. കാർഷിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് 10 കോടി രൂപ വരെ 6% പലിശ നിരക്കിൽ വായ്പ അനുവദിക്കാനാണ് പുതിയ പദ്ധതി. കെ.എഫ്.സി. ആഗ്രോ ബേസ്ഡ് എം.എസ്.എം. ഇ. ലോൺ സ്കീം (കാംസ്). (കെ.എഫ്. സി. ആഗ്രോബേസ്ഡ് എം.എസ്. എം.ഇ. ലോൺ സ്കീം) എന്നാണ് പുതിയ പദ്ധതിയുടെ പേര്. പലിശ 11% ആണെങ്കിലും 3% പലിശ സബ്സിഡി സംസ്ഥാന സർക്കാരും 2% കെ.എഫ്. സി. യും നൽകും എന്നതിനാലാണ് 6% പലിശയ്ക്ക് വായ്പ ലഭ്യമാവുക.

## ആനുകൂല്യങ്ങൾ ഇങ്ങനെ

1. പദ്ധതി ചെലവിന് 90% വരെ സമയ വായ്പ ആയി അനുവദിക്കുന്നു.
2. പ്രവർത്തന മൂലധനവായ്പ സമയ വായ്പയായും അല്ലാതെയും അനുവദിക്കുന്നതിനുള്ള സൗകര്യം നൽകിയിരിക്കുന്നു.
3. ഏറ്റവും കുറഞ്ഞ വായ്പതുക 5 ലക്ഷം രൂപ വരെ ആയിരിക്കും
4. പുതിയ എം.എസ്.എം.ഇ. കൾക്ക് ആണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുക. വിപുലീകരണത്തിന് ഇത് ലഭിക്കില്ല.
5. മറ്റു ബാങ്കുകളിലുള്ള വായ്പകൾ ടേക്കോവർ ചെയ്യുന്നതിനുള്ള സൗകര്യം ഈ പദ്ധതിയിൽ ഉണ്ടാകില്ല.
6. ടേം ലോണിന് സംരംഭകന്റെ വിഹിതം 10% ആയി നിജപ്പെടുത്തിയിട്ടുണ്ട്.
7. സമയവായ്പയും പ്രവർത്തന മൂലധന വായ്പയും ചേർന്നുള്ള തുകയ്ക്ക് പരമാവധി 10 കോടി രൂപ വരെ 6% പലിശയിൽ വായ്പ ലഭ്യമാക്കും.
8. 10 കോടിയിൽ കൂടുതലുള്ള പദ്ധതികൾക്കും ഈ സ്കീം പ്രകാരം വായ്പ ലഭിക്കും. എന്നാൽ പലിശ ഇളവുകൾ 10 കോടി വരെ മാത്രമേ അനുവദിക്കൂ.
9. 2 വർഷത്തെ മോറട്ടോറിയം ഉൾപ്പടെ 10 വർഷം വരെ തിരിച്ചടവിന് കാലാവധി അനുവദിക്കും.
10. ആവശ്യമെങ്കിൽ 50 ലക്ഷം രൂപ വരെ കൊലാറ്റർ ഫ്രീയായി ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നതിനുള്ള സൗകര്യം ഉണ്ട്.
11. എന്റർപ്രണർ സപ്പോർട്ട് സ്കീം പോലുള്ള നിക്ഷേപ സബ്സിഡികൾക്ക് സംരംഭങ്ങളുടെ സ്വഭാവം അനുസരിച്ച് അർഹതയുണ്ടാകും.

## പൗൾട്രി മുതൽ ഗോഡൗൺ വരെ

കാർഷിക ഭക്ഷണ മേഖയിലെ നിർമ്മാണ സ്ഥാപനങ്ങൾ ക്കും സേവന സ്ഥാപനങ്ങൾക്കും പദ്ധതി ഉപയോഗപ്പെടുത്താം. മിക്കവാറും എല്ലാത്തരം പദ്ധതികൾക്കും തന്നെ ആനുകൂല്യം ലഭിക്കുന്ന തരത്തിലാണ് പദ്ധതി. പഴം, പച്ചക്കറി, വിത്ത് സംസ്കരണം, ബേക്കറി ഉൽപ്പന്നങ്ങൾ, ചിപ്സുകൾ, കറി പൗഡറുകൾ, ധാന്യപ്പൊടികൾ, എണ്ണകൾ, സുഗന്ധ വ്യഞ്ജനങ്ങൾ, കൂണുകൾ, സ്പൈസ് ഓയിൽ, മൈദ പ്ലാന്റ്, മത്സ്യം, മാംസം, പാൽ ഉൽപ്പന്നങ്ങൾ, ജൂട്ട്, ബാംബൂ ഉൽപ്പന്നങ്ങൾ, സ്റ്റോറേജ്, പൗൾട്രി, പൗൾട്രി അനുബന്ധ സ്ഥാപനങ്ങൾ, ചായ/സംസ്ക്കരണം തുടങ്ങിയ കാർഷിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താം.

## ഓൺലൈൻ വഴി അപേക്ഷ

ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുകയാണ് സംരംഭകർ പ്രാഥമികമായി ചെയ്യേണ്ടത്. അപേക്ഷകന്റെ ക്രെഡിറ്റ് സ്കോർ മികച്ചതായിരിക്കണം. സിബിൽ സ്കോർ 650 ൽ കുറയരുത്. ജില്ലാ/ബ്രാഞ്ച് ഓഫീസുകളുമായി ബന്ധപ്പെട്ടാൽ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയും. കാർഷിക/ഭക്ഷ്യ സംരംഭങ്ങൾ ഏറെ സാദ്ധ്യതയുള്ള സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയാണ്. അതിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടാക്കുന്ന മികച്ച ഒരു വായ്പ പദ്ധതിയാണ് കാംസ്. ■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

# പീഡിത വ്യവസായ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം





സംസ്ഥാനത്തിലെ ചെറുകിട വ്യവസായങ്ങളിൽ നല്ലൊരു ശതമാനം സിക്ക് യൂണിറ്റുകളായി മാറിയിട്ടുണ്ട്. ഇത്രയും യൂണിറ്റുകളിൽ കോടിക്കണക്കിന് രൂപയുടെ മെഷിനറികളും മറ്റു ആസ്തികളും ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത് സംരംഭകർക്ക് മാത്രമല്ല ദേശീയമായ ഒരു സാമ്പത്തിക നഷ്ടം കൂടിയാണ്. ധാരാളം യൂണിറ്റുകൾ സർഫാസി ആക്റ്റ് നടപടികൾ അഭിമുഖീരിച്ചുക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള പീഡിത വ്യവസായങ്ങൾ പുനരുദ്ധരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. പുതിയ സംരംഭം വരാൻ മിനിമം ഒരു വർഷം മുതൽ മൂന്ന് വർഷം വരെ എടുക്കും. എന്നാൽ നിലവിലുള്ള പീഡിത വ്യവസായങ്ങൾ പുനരുദ്ധരിപ്പിക്കാൻ പരമാവധി മൂന്ന് മുതൽ ആറ് മാസം വരെ മാത്രമെ വേണ്ടി വരികയുള്ളു. സർക്കാരിന്റെ ശ്രദ്ധ ഇക്കാര്യത്തിൽ ഗൗരവമായി പതിയുകയും പീഡിത വ്യവസായ പുനരുദ്ധാരണത്തിന് ഒരു പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കുകയും വേണം. ഈ നയം സ്വീകരിച്ചാൽ പൂട്ടികിടക്കുന്ന സ്ഥാപനങ്ങളിലെ കോടിക്കണക്കിന് രൂപയുടെ മെഷിനറികൾ പ്രവർത്തിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും നഷ്ടപ്പെട്ട തൊഴിൽ സൗകര്യങ്ങൾ വീണ്ടെടുക്കാനും സർക്കാരിനുള്ള നികുതിയിനങ്ങളിലുള്ള വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും. നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ ഏതെങ്കിലും കാരണവശാൽ അതിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ച് ഭാഗികമായോ ചിലപ്പോൾ പൂർണ്ണമായോ നിലക്കാനുള്ള സാദ്ധ്യതകളും മുൻക്കൂട്ടി കാണേണ്ടതുണ്ട്. യുണിറ്റുകളുടെ പുനരുദ്ധാരണം നടപ്പിലാക്കുന്ന സമയം റവന്യു റിക്കവറി പ്രൊസിഡിങ്ങ്സ് തുടങ്ങിയ ജപ്തി നടപടികളും ഒഴിവാക്കണം.

സാമ്പത്തികമായുള്ള പ്രശ്നങ്ങൾ, മാർക്കറ്റിങ്ങ് തകർച്ച, ഉല്പാദനക്ഷമതയിലുള്ള കുറവ് തുടങ്ങിയ നിരവധി കാരണങ്ങൾ കൊണ്ട് സംരംഭങ്ങൾ പീഡിതങ്ങളായിത്തീരാൻ സാദ്ധ്യതയുണ്ട്. എന്നാൽ ഈ സംരംഭങ്ങൾ സുഗമമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തേണ്ട ബാദ്ധ്യത വ്യവസായ വകുപ്പ്, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഉത്തരവാദിത്വമുണ്ട്. ഈ സ്ഥാപനങ്ങൾ തങ്ങൾ പ്രമോട്ട് ചെയ്ത് സ്ഥാപനങ്ങൾ ഇടയ്ക്കിടെ സന്ദർശിക്കുകയും അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏതെങ്കിലും തരത്തിൽ സംരംഭകത്വത്തിന് ദോഷം സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന് മുൻക്കൂട്ടി കണ്ട് അതിനുള്ള പരിഹാര നിർദ്ദേശങ്ങളും, സഹായങ്ങളും ചെയ്തുകൊടുക്കാനുള്ള ഒരു ഫലപ്രദമായ നടപടിക്രമം കൂടി ഉണ്ടാകണം. രോഗം മൂർച്ചിച്ച അവസ്ഥവരെ കാത്ത് നില്ക്കാതെ രോഗ ലക്ഷണം മുൻക്കൂട്ടി കണ്ട് ചികിത്സിക്കണം എന്ന പൊതു തത്വം വ്യവസായങ്ങളുടെ കാര്യത്തിലും പാലിക്കപ്പെടേണ്ടതാണ്. സംസ്ഥാന സർക്കാരിന് സ്വാധീനമുള്ള കേരള ബാങ്കിനേയും, കേരള ഫിനാൻഷ്യൽ കോർപ്പറേഷനെയും ഈ പുനരുദ്ധാരണ പദ്ധതിയിൽ പങ്കാളിത്തം ഉണ്ടാക്കാൻ സർക്കാരിന്റെ ശ്രദ്ധ പതിപ്പിച്ച് പീഡിത വ്യവസായങ്ങൾക്ക് അത്താണിയായി സർക്കാർ മാറണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ■

**ജോസ്കുട്ടി പള്ളിപാടൻ ആണ് ലേഖകൻ**




KELCON
THE KERALA STATE 'A' GRADE ELECTRICAL CONTRACTORS' ASSOCIATION
Kerala's Biggest
Electrical Engineering
EXPO
electric world 2024
Technology + Safety
8th EDITION
ELECTRICAL ENGINEERING EXPO
March 01 – 04
Marine Drive Ground, Ernakulam, Kerala
GENERATION | DISTRIBUTION | LIGHTING | RENEWABLES | POWER ELECTRONICS | POWER TOOLS | EV
THE KERALA STATE 'A' GRADE ELECTRICAL CONTRACTORS' ASSOCIATION
3rd Floor Kalayan Chambers, Chittoor Road, Kochi - 682016. Mob: 94470 85716, 75928 99111
E-mail : kelconelectricworld@gmail.com, www.kelcon.in



# KSSIA NEWS

(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%

## നമ്മുടെ വ്യവസായം



കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

എസ്. സലിം
ചീഫ് എഡിറ്റർ

# FOR SALE

**PARTIALLY USED PVC EXTRUDER WITH JOCKEY, MIXER AND DIFFERENT SIZE PUNCH AND PIN.**

**SUITABLE FOR MANUFACTURING GARDEN HOSE, WATER CONNECTION TUBE, TRANSPARENT TUBE ETC.**

**CONTACT: 9847527715**

## അഭിനന്ദനങ്ങൾ

കെ.എസ്.എസ്.ഐ.എ. യുടെ അഫിലിയേറ്റഡ് മെമ്പറായ കേരള പ്ലാസ്റ്റിക് മാന്യുഫാക്ചറേഴ്സ് അസോസിയേഷന്റെ (കെ.പി.എം.എ.) സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി അംഗവും, പത്തനംതിട്ട ജില്ല കമ്മിറ്റി അംഗവുമായ ജെ. സുനിലിനും, സംസ്ഥാന സെക്രട്ടറി (കെ.പി.എം.എ.) പി.ബി.ഐ. മുഹമ്മദ് അഷറഫിനും കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റിയുടെ അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.



ജെ. സുനിൽ
സംസ്ഥാന പ്രസിഡന്റ്



P B I. മുഹമ്മദ് അഷറഫ്
ജനറൽ സെക്രട്ടറി

©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2023 നവംബർ 04<br>04th November 2023<br>1199 തുലാം 18<br>18th Thulam 1199<br>1945 കാർത്തികം 13<br>13th Karthika 1945 | നമ്പർ<br>No. 3574 |

GOVERNMENT OF KERALA

**Forest and Wildlife (B) Department**

NOTIFICATION

G.O.(P)No.21/2023/F&WLD. Dated,Thiruvananthapuram,3rd November 2023
17th Thulam 1199
12th Karthika 1945

**S. R. O. No. 1159/2023**

In exercise of the powers conferred by sections 39 and 76 of the Kerala Forest Act,1961(4 of 1962), the Government of Kerala hereby make the following rules to amend the Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Rules, 2021 issued under G.O.(P) No.2/2021/F&WLD dated 12th February, 2021 and published as SRO.No.162/2021 in the Kerala Gazette Extraordinary No.727 dated 12th February, 2021, namely:-

RULES

1. *Short title and commencement.*- (1) These rules may be called the Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Amendment Rules, 2023.
(2) They shall come into force at once.

2. *Amendment of the Rules.*- In the Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Rules, 2021,-

(1) in rule 3,-
(i) in sub-rule(3), for the words "six months from the date of commencement of these rules", the words "six months from the date of commencement of the Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Amendment Rules, 2023" shall be substituted;
(ii) after sub-rule(7), the following proviso shall be inserted, namely:-

"Provided that the restriction to grant licence to function within a radial distance of five kilometers under this sub-rule shall not be applicable for granting licence to any wood based industrial units mentioned in Category V and Category VII to function within a radial distance

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

of five kilometers from the boundary of reserve forest areas leased out to the Plantation Corporation of Kerala Limited or such other Government or Government owned public sector undertakings established exclusively for raising rubber plantations".

(2) in rule 6, in sub-rule (1), for the words "six months from the date of commencement of these rules", the words "six months from the date of commencement of the Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Amendment Rules, 2023" shall be substituted.

(3) in rule 12, in sub-rule (3), after the words "application for power enhancement", the words, figures and symbols "except for Categories II, V, VII, VIII, IX and X mentioned in rule 9" shall be inserted.

(4) in Schedule D, against the entries in serial numbers 6 and 7, under the heading "Amount(per unit)(in Rs)" in column three, the words and symbols "Press/peeler/slicer" shall be omitted.

By order of the Governor,

K R JYOTHILAL

*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

1. The Kerala Forest(Regulation of Sawmills and Other Wood Based Industrial Units) Rules, 2021 came into force on 12th February, 2021. A period of six months from the date of commencement of the said Rules was allowed to those saw mills which started functioning on or before 30th October, 2002. The said period expired on 11th August, 2021.
2. Due to Covid 19 pandemic restrictions prevailed in the State during the said period, several applicants were not able to submit their applications in time. Several applications for licence were received after the cut off date. State Level Committee has recommended to the Government for extending the time limit to six more months from the date of commencement of the amendment rules for this purpose, considering the applications for extensions received in this behalf. Hence amendment is necessitated in sub-rule(3) of rule 3 and sub-rule(1) of rule 6 of the Kerala Forest(Regulation of Sawmills and Other Wood Based Industrial Units) Rules, 2021.
3. Forest Department has been receiving applications for licence for establishing rubber wood based industrial units within a radial distance of 5 kilometers from Rubber Plantations owned by the Plantation Corporation of Kerala Limited, which has the status of reserve forest. Sub-rule(7) of rule 3 of the said Rules prohibits granting licence for functioning wood based industrial units within a radial distance of five kilometers from the boundary of any nearest notified forests. Consequent to the recommendation of the State Level Committee, Government have decided to amend sub-rule(7) of rule 3 of the said Rules permitting the rubber units [Categories V and VII] to function, within a radial distance of five kilometers from the boundary of reserve forest areas leased out to the Plantation Corporation Kerala Limited or such other Government or Government owned public sector undertakings.
4. Already existing units under Category II, V, VII, VIII, IX and X are not allowed to enhance the machine capacity as Wood Balance Study is mandatory as per the existing rule. Government have decided to amend the rules to rectify the above discrepancy.
5. Authorized Officers are charging One Time Payment for each machine installed in wood based industrial units. In Schedule D of the Rules, payment for sawmill or other wood based industrial units under Categories VI and VII is mentioned as Rs.2,00,000/- Press/Peeler/Slicer. Government have decided to amend Schedule D of the Rules to make a clarification to the effect that One Time Payment amount is meant to be collected per unit and not for individual items like Peeler, Press and Slicer.
6. The notification is intended to achieve the above objects.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/




കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ല ട്രഷറർ എം. ജവഹറിന്റെ മകളുടെ വിവാഹ ചടങ്ങിൽ സംസ്ഥാന - ജില്ലാതല ഭാരവാഹികൾ പങ്കെടുത്തു



കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി യോഗത്തിനോടനുബന്ധിച്ച് പത്തനംതിട്ട ജില്ല കമ്മിറ്റി അംഗമായ ഫിലിപ്പ് കെ. ജോണിന്റെ മകന്റെ വിവാഹ ചടങ്ങിൽ സംസ്ഥാന - ജില്ലാതല ഭാരവാഹികൾ പങ്കെടുത്തു



എറണാകുളത്ത് നടന്ന നവ കേരള സദസ്സിൽ ജനറൽ സെക്രട്ടറി പി. ജെ. ജോസ് പങ്കെടുത്ത് സംസാരിക്കുന്നു



തിരുവനന്തപുരത്ത് വെച്ച് Shija Additional secretary Labour& Skill Chair person ന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഇ.പി.എഫ്.ഒ. യുടെ 90-ാം റീജിയണൽ കമ്മിറ്റി മീറ്റിങ്ങിൽ (കേരള & ലക്ഷദ്വീപ്) സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പങ്കെടുത്തു.

sidbi



# FINANCING END TO END ENERGY EFFICIENCY (4E) INVESTMENTS IN MSMES

## OBJECTIVE

To provide financial assistance to MSMEs engaged in the reduction of greenhouse gases(GHGs) from their operations and support Sustainable Development Goals (SDGs)

## Target Sectors & Eligible Projects

- Manufacturing and service sectors
- Energy efficient machineries/technologies
- Renewable Energy Projects

## Loan Amount

- Upto 100% funding with cash collateral in the form of SIDBI FDR
- Minimum loan - Rs.10 lakhs and
- Maximum Loan - Rs.5 crores

## Eligibility

- Minimum 1 year of operation
- The borrowers should not have defaulted to any Banks/Financial Institutions

## Key Features

- Concessional interest rate as per rating
- Repayment: up to 60 months
- Moratorium : upto 6 months
- Quicker sanction

## Benefits to MSMEs

- Better profitability by reduction in energy & fuel cost upto 25%
- Risk sharing facilities available for EE Projects
- Reimbursement of cost of detailed energy audits upto 70% energy audit fees paid subject to certain conditions



**To Know more, visit our nearest branch. Locate us at: www.sidbi.in**
Follow us on SIDBIofficial sidbiofficial sidbiofficial SIDBI Official
SIDBI (Small Industries Development Bank of India)
**Small Industries Development Bank of India,**
**Green Climate and Energy Efficiency Centre,**
10th Floor, Atma Ram House, 1 Tolstoy Marg, New Delhi-110001
Telephone: 011-2344 8300 I E-mail: eec_credit@sidbi.in

---

sidbi

# EXPRESS

## Machinery Loans Made Easy For MSMEs

✓Seamless Online Loan application Journey
✓Automated Loan Processing
✓Immediate In-Principle offer

**TARGET GROUP**

- GST registered MSME units in operations for atleast 3 years

**LOAN AMOUNT**

- Upto Rs. 100 lakh
- Upto 100% financing

**FEATURES**

- Attractive rate of Interest
- Lower processing Fees
- Quick disbursement

**CONTACT US AT**

033 - 68286212
1800-22-6753
bd.dcv@sidbi.in

**VISIT US AT**

www.sidbi.in




Image: Freepik.com*

---

सिडबी sidbi

G20 | Azadi Ka Amrit Mahotsav

# EV4ECO Mission 50000

## EV SCHEME FOR DIRECT LENDING



**OBJECTIVE**

To scale-up e-2/3/4Ws adoption..

**ELIGIBLE BORROWERS**

- MSMEs willing to purchase electric vehicles for their day-to-day operations | • MSME Fleet operator, Aggregator, Leasing companies/enterprises etc. | • Other EV ecosystem strengthening enterprises (charging, battery swap etc.,)
- Udyami registration shall be mandatory, | • Loan should not be given to individual driver cum owner.

| Existing customer of SIDBI | New to SIDBI | Fleet Operators, Aggregators, Leasing Companies/enterprises etc., |
|---|---|---|
| One year of satisfactory principal repayment track record with SIDBI | 1. Existing entities having minimum two years of operation.<br>2. Cash profits in last audited financial result. | 1. Minimum one year of operation<br>2. Should have cash profits or have received at least one round of equity investment from one or more SEBI registered Alternative Investment Fund (s) (AIF)/ or Foreign VC Investors (FVCI).<br>3. Should have medium / long term business assurance contract with reputed agency or should have one year of dealing with reputed agency. |

**Upfront fee** 0.25% of the sanction amount

| Eligible Electric Vehicle Type | Loan Amount | Eligible electric vehicles/ Product/ OEMs |
|---|---|---|
| 1. Electric two-wheeler- L1 & L2 segment<br>2. E-rickshaw (Lithium-ion)- L3 segment<br>3. Electric three-wheeler, auto & cargo- L5 segment<br>4. Electric 4-wheeler Registration with RTO is mandatory | 1. 100% financing with minimum cash collateral of 25% in form of SIDBI FDR.<br>2. Minimum loan: INR 10 lakh for existing SIDBI customer & INR 20 lakhs for others<br>3. Maximum loan: INR 5 crores to existing SIDBI & New to SIDBI entities and INR 20 crores for the fleet operator, aggregator, etc. | 1. Certificate from CMVR approved testing agencies like ARAI, ICAT, GARC etc. for type of vehicle.<br>2. Batteries with AIS-156 certification<br>3. Vehicle shall be pre-fitted with telematics devices and/or tracking /IOT devices ("Telematics Device").<br>4. Service center at the point of sales in cities/ tie-ups.<br>5. The warranty of the battery should be equal to or greater than loan tenure. |

**Repayment Period**: Max repayment up to 5 years.
**Interest Rates***: Starting at 7%

* Based on Scoring criteria

**GREEN CLIMATE FINANCE VERTICAL, SMALL INDUSTRIES DEVELOPMENT BANK OF INDIA**
12th floor, Atama Ram House, 1, Tolstoy Marg, New Delhi-110001 | Phone: 011-23682473
Know more:- www.sidbi.in | Feedback / Contact Us :- gcfv@sidbi.in

25th December 2023, Kalamassery
Regn. No. KERBIL/2005/23143
KSSiA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.